236/2012
30-05-2012

# വിജ്ഞാപനം - 112

**മിശിഹായിൽ പ്രിയപ്പെട്ടവരേ,**

ആഗോളസഭ നവസുവിശേഷവത്ക്കരണത്തിന്റെ പാതയിലാണ്. നവസുവിശേഷവത്ക്കരണത്തിന്റെ പ്രഥമവും പ്രധാനവുമായ വേദി കുടുംബങ്ങളാണ്. സഭയുടെ അടിസ്ഥാന യൂണിറ്റുകളായ കുടുംബങ്ങളെ ബലപ്പെടുത്തുവാനാണ് സഭയിലെ എല്ലാ ശുശ്രൂഷകളും ലക്ഷ്യംവെയ്ക്കുന്നത്. എന്നാൽ ഇന്നത്തെ ജീവിത ചുറ്റുപാടുകളും പുതിയ പ്രവണതകളും കുടുംബങ്ങളിൽ ഉയർത്തുന്ന സംഘർഷങ്ങളും ദുരന്തങ്ങളും ഏറെയാണ്. അതിലൊന്നാണ് ആർത്തലയ്ക്കുന്ന മദ്യപാനം. മദ്യലഹരിയിൽ ജീവനും ജീവിതവും മനുഷ്യോചിതമായ സാഹചര്യങ്ങളും തകർക്കപ്പെടുന്നു. കുടുംബ ബന്ധങ്ങൾ പലപ്പോഴും താളംതെറ്റുകയും സ്നേഹക്കൂട്ടായ്മകൾ ശിഥിലമാകുകയും ചെയ്യുന്നു. കുടുംബങ്ങൾ കണ്ണുനീർ തടാകങ്ങളാകുന്നു. അതോടെ മൂല്യത്തകർച്ചയും അരാജകത്വവും മലിന സംസ്ക്കാരവും ശക്തിപ്രാപിക്കുന്നു.

മാമ്മോദീസ, ആദ്യകുർബാന സ്വീകരണം, വിവാഹം എന്നീ പരിപാവനമായ കൂദാശ സ്വീകരണ വേളകളിലും മറ്റ് വിശേഷാവസരങ്ങളിലും എന്തിനേറെ പ്രിയപ്പെട്ടവരുടെ മരണദിനങ്ങളിൽപോലും പലരും മദ്യത്തിന്റെ ലഹരിയിൽ നിറഞ്ഞ് നിൽക്കുന്നത് എത്രയോ ശോചനീയമാണ്. അനാഥ ബാല്യങ്ങൾ, തകർന്ന കുടുംബങ്ങൾ അന്യവത്ക്കരിക്കപ്പെടുന്ന അയൽപക്കങ്ങൾ, ശൂന്യവത്ക്കരിക്കപ്പെടുന്ന ആത്മീയത, വ്യർത്ഥമായ ജീവിതചര്യകൾ എന്നിവ മനുഷ്യന്റെ സമാധാന ജീവിതത്തെ അന്യമാക്കുന്നു. ഇതെല്ലാം മനുഷ്യഹൃദയങ്ങളിൽ സാത്താന് കുടിയേറുവാൻ വഴിയൊരുക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടെന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളം അക്രമം, ഗുണ്ടായിസം, ബലാത്സംഗം തുടങ്ങിയ സാമൂഹിക തിന്മകളുടെ സംസ്ഥാനമായി മാറിയിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾക്ക് മുഖ്യകാരണം മദ്യപിച്ച് വാഹനമോടിക്കുന്നതാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നുണ്ടല്ലോ.





ബാല്യത്തിൽ തന്നെ തുടങ്ങുന്ന മദ്യപാനവും ലഹരി ശീലങ്ങളും യുവത്വത്തിലും മറ്റെല്ലാ ജീവിത കാലഘട്ടങ്ങളിലും മാരകമായി തീർന്നിരിക്കുന്നുവെന്നത് സാംസ്ക്കാരിക കേരളത്തിന്റെ ശാപമാണ്. മദ്യമായും മയക്കുമരുന്നായും പാൻമസാലകളായും പുകവലിയായും ഇതിന്റെ വിവിധ ഭാവങ്ങൾ ആബാലവൃദ്ധം ജനങ്ങളേയും ബാധിച്ചിരിക്കുന്നു. പാൻമസാല ഉപയോഗിക്കുന്നതുമൂലം 12 വയസ്സിനും 20 വയസ്സിനും മദ്ധ്യേ പ്രായമുള്ള കുട്ടികളിൽ വായിലെ കാൻസർ വ്യാപകമായി കണ്ടതിനെത്തുടർന്ന് സ്കൂൾ പരിസരത്ത് ഇത്തരം ഉല്പ്പന്നങ്ങൾ വിൽക്കുന്നത് 2011 മാർച്ചിൽ സുപ്രിം കോടതി നിരോധിക്കുകയുണ്ടായി. കാൻസറും മറ്റ് മാരക രോഗങ്ങളും സൃഷ്ടിക്കുന്ന പാൻമസാലകളുടെയും സമാനരാസവസ്തുക്കടങ്ങിയ ലഹരി വസ്തുക്കളുടെയും ഉപയോഗവും വില്പനയും സംസ്ഥാന വ്യാപകമായി നിരോധിച്ച സർക്കാരിന്റെ നടപടി വളരെയധികം അഭിനന്ദനമർഹിക്കുന്നു. വളർന്നുവരുന്ന യുവതലമുറയെ വലിയൊരു വിപത്തിൽ നിന്ന് രക്ഷിക്കുന്ന തീരുമാനമാണിത്.

ലഹരിയുടെ നീരാളിപിടുത്തത്തിൽ നിന്നും സമൂഹത്തെ മോചിപ്പിക്കാനുള്ള ഭാരിച്ച ഉത്തരവാദിത്വമാണ് നമുക്കുള്ളത്. കേരളത്തെ വിദ്യാഭ്യാസവത്ക്കരിക്കുന്നതിലും ആരോഗ്യവത്ക്കരിക്കുന്നതിലും പ്രഥമവും പ്രധാനവുമായ സംഭാവന നല്കിയിട്ടുള്ള കേരള സഭയ്ക്ക്, കേരളത്തെ ലഹരി വിമുക്തമാക്കുക എന്ന സുപ്രധാനമായ ദൗത്യത്തിൽ നിന്നും മാറിനിൽക്കാനാവുകയില്ല. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധസംഘടനകളെ ജാതിമത ഭേദങ്ങൾക്കതീതമായി സംഘടിപ്പിച്ചുകൊണ്ടും മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളുടെ മാതൃകയും ജീവിതസാക്ഷ്യങ്ങൾക്കൊണ്ടും ലഹരിക്കെതിരായ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ നമുക്ക് കഴിയും. ജീവിതത്തിന്റെ എല്ലാതലങ്ങളിലും സമഗ്രമായ ജീവന്റെ അനുഭവം ലഭിക്കാൻ ഓരോരുത്തരും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും വേണം.

ലഹരിക്കെതിരെ സഭ കേരളത്തിന്റെ പൊതുജിഹ്വയാകണം. അതിന് നിലവിലുള്ള നയസമീപനങ്ങളെ ഏകോപിപ്പിച്ച് മാർഗ്ഗദർശനങ്ങൾ നൽകുവാനും ബോധനപ്രതികരണ ശാക്തീകരണ പ്രവർത്തനങ്ങളിൽ

ഒത്തുചേരാനും മദ്യവിമുക്ത സഭയും സമൂഹവും രൂപപ്പെടുത്തുവാനും നമുക്ക് കഴിയണം.

ഈ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് നമ്മുടെ രൂപതയിൽ താഴെ പറയുന്ന കർമ്മപരിപാടികൾ ഇടവക, ഫൊറോന, രൂപതാ തലങ്ങളിൽ അടിയന്തിരമായി നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. മദ്യപിക്കാത്തവരെയും മദ്യപാനം പൂർണ്ണമായി നിർത്തിയവരെയും ചേർത്ത് മദ്യവിരുദ്ധ സമിതി ഇടവകയിൽ രൂപീകരിക്കുകയും അംഗങ്ങളുടെ പേരുകൾ രൂപതയിൽ നിന്ന് ലഭിക്കുന്ന ഫോറത്തിൽ പൂരിപ്പിച്ച് ജൂലൈ 30ന് മുമ്പായി പാസ്റ്ററൽ സെന്ററിൽ പ്രവർത്തിക്കുന്ന മദ്യവിരുദ്ധ ഓഫീസിൽ രജിസ്റ്റർ ചെയ്യുക. ഈ സമിതിയിൽ സ്ത്രീകളുടെയും യുവജനങ്ങളുടെയും സാന്നിദ്ധ്യം ഉറപ്പുവരുത്തണം.
2. സമിതിയിൽ നിന്ന് തെരഞ്ഞെടുക്കുന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നീ ഭാരവാഹികടങ്ങിയ പ്രവർത്തക കമ്മിറ്റിയായിരിക്കും ഇടവക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്.
3. ആഗസ്റ്റ് 19-ാം തിയ്യതി മദ്യവിരുദ്ധ ദിനമായി ഇടവകയിൽ ആചരിക്കുക. അന്നേ ദിവസം ഇടവകജനത്തിന് പൊതുവായി ബോധവത്ക്കരണ സെമിനാറുകളും ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കുക.
4. കുടുംബക്കൂട്ടായ്മകളിൽ മദ്യപാനത്തിന്റെ ദൂഷ്യഫലങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്ന ചർച്ചകൾ സംഘടിപ്പിക്കുക.
5. മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയുടെ വ്യാപ്തി അറിയുന്നതിനുള്ള സർവ്വെ ഇടവകതലത്തിൽ നടത്തുക.
6. സമിതിയുടെ ആഭിമുഖ്യത്തിൽ ഇടവകയിലെ മദ്യപന്മാർക്ക് ഫലപ്രദമായ ചികിത്സനൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക. മദ്യപാനം ഉപേക്ഷിച്ചവരെ ഇടവകകളിൽ ഒരുമിച്ചുകൂട്ടി അവർക്ക് തുടർബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
7. സ്റ്റിക്കറുകൾ, ബാനറുകൾ, ലഘുലേഖകൾ എന്നിവ കുടുംബങ്ങൾതോറും വിതരണം ചെയ്യുക. പൊതുസ്ഥലങ്ങളിൽ ലഹരിവിരുദ്ധ ബോർഡുകൾ സ്ഥാപിക്കുക.





8. ഇടവകകളിൽ 7 മുതൽ 12-ാം ക്ലാസ്സുവരെയുള്ള വേദപാഠ കുട്ടികൾക്കുവേണ്ടി ലഹരിവിരുദ്ധ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ബോധവത്ക്കരണ സെമിനാറുകൾ ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക.
9. ഇടവകതല പ്രവർത്തനങ്ങളോടൊപ്പം ഫൊറോനാതലത്തിലും രൂപതാതലത്തിലും സമിതിയുടെ നേതൃത്വത്തിൽ കുടുംബക്ഷേമ - മദ്യവിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

രൂപതയിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഡിപ്പാർട്ടുമെന്റിന്റെ (tembrance) ഡയറക്ടർ നിങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുവാൻ റിസോഴ്സ് ടീമിനെ അദ്ദേഹം ലഭ്യമാക്കുന്നതാണ്.

ജാഗ്രതയുള്ളവരായി വർത്തിക്കുവാൻ കാലഘട്ടത്തിന്റെ സൂചനകൾ നമ്മെ നിർബന്ധിക്കുന്നു. ആരും ഒഴിഞ്ഞുമാറിനിൽക്കാതെയും പരസ്പരം പഴിചാരാതെയും കൂട്ടുത്തരവാദിത്വത്തോടെ മദ്യവിമുക്ത സമൂഹം രൂപപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കളും അധ്യാപകരും വിവിധ സംഘടനകളും ഇടവകസമൂഹം മുഴുവനും സുശക്തരായി ലഹരിക്കെതിരെ ജീവൻ പകർന്നുനൽകുന്ന പ്രക്രിയയിൽ പങ്കുകാരാകണം. എല്ലാവരുടേയും സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വലിയ തിന്മക്കെതിരായ പോരാട്ടമാണ് നമുക്ക് നടത്താനുള്ളത്. ദൈവത്തിലാശ്രയിച്ചുകൊണ്ട് പ്രവർത്തിച്ചാൽ നമ്മുടെ പ്രവർത്തനങ്ങൾക്ക് ഫലമുണ്ടാകും; അവിടുത്തേക്ക് ഒന്നും അസാധ്യമല്ലല്ലോ. അവിടുന്ന് എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ വിജ്ഞാപനം **ജൂൺ 17-ാം** തിയ്യതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# യുവജനദിനം 2012

## ജൂലൈ 8, ഞായർ

**കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

കർത്താവിൽ വാത്സല്യമുള്ള യുവജനങ്ങളേ, സഹോദരീ സഹോദരന്മാരേ,

1. ആഗോളസഭയുടെ പ്രത്യേകമായ ചിന്തയ്ക്ക് എന്നും വിഷയീഭവിച്ചിട്ടുള്ള യുവജനങ്ങളും യുവജനപ്രേഷിതത്വവും കേരള കത്തോലിക്കാ സഭയും ഏറെ ഗൗരവപൂർവ്വമാണ് കാണുന്നത്. അതുകൊണ്ടു തന്നെയാണ് ''എന്റെ കർത്താവേ എന്റെ ദൈവമേ'' എന്ന് പറഞ്ഞ് വിശ്വാസത്തിന്റെ ആഴം അനുഭവിച്ചറിഞ്ഞ അപ്പസ്തോലനായ മാർ തോമ്മാശ്ലീഹായുടെ ഓർമ്മത്തിരുന്നാളായ ദുക്റാനയ്ക്ക് ശേഷം വരുന്ന ഞായറാഴ്ച സഭ ഏറെ പ്രാധാന്യത്തോടെ യുവജനദിനമായി ആചരിക്കുന്നത്. വിശ്വാസത്തിൽ ആഴപ്പെടുത്തി വിശ്വാസത്തിന്റെ പ്രഘോഷകരും വിശ്വസ്ത പങ്കാളികളുമായി യുവജനങ്ങളെ വാർത്തെടുക്കുക എന്ന ഉത്തരവാദിത്വത്തിന്റെ പ്രാധാന്യവും യുവജനങ്ങൾ അതിനോട് ക്രിയാത്മകമായി പ്രത്യുത്തരിക്കുന്നതിന്റെ ആവശ്യകതയും വിശ്വാസികളെ മുഴുവൻ ഓർമ്മപ്പെടുത്തുക എന്നതാണ് യുവജനദിനാചരണത്തിന്റെ ഒരു വലിയ ലക്ഷ്യം. വിശ്വാസവർഷാചരണത്തിലേക്ക് കത്തോലിക്കാസഭ പ്രവേശിക്കാൻ ഒരുങ്ങുകയാണ്. ലോകം മുഴുവൻ മിശിഹായ്ക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് സമൂഹത്തെ നവജീവനിലേക്കും നന്മയിലേക്കും നയിക്കുന്ന സഭയുടെ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ പങ്ക് ഈ വിശ്വാസ വർഷാചരണത്തിൽ പ്രസക്തമാണ്. 2012 ഒക്ടോബർ 11-ന് ആരംഭിച്ച് 2013 നവംബർ 24 ന് ക്രിസ്തുനാഥന്റെ രാജത്വത്തിരുന്നാൾ ദിനത്തിൽ സമാപിക്കുന്ന വിശ്വാസവർഷാചരണത്തെ മുന്നിൽ കണ്ടുകൊണ്ട് കേരളസഭയിലെ യുവജനങ്ങളും യുവജനശുശ്രൂഷകരും സഭയിലെ വിശ്വാസികൾ മുഴുവനും ധ്യാനാത്മകമായി ചിന്തിയ്ക്കുകയും കൂട്ടായ്മയിൽ ഫലവത്തായി പ്രവർത്തിക്കുകയും ചെയ്യുന്നത് ഈ കാഘട്ടത്തിൽ പ്രസക്തമാണ്.

2. അടുത്ത ലോകയുവജനദിനാഘോഷം ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടക്കുമ്പോൾ പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ യുവജനങ്ങൾക്ക് പ്രത്യേകം പഠനത്തിനും പരിചിന്തനത്തിനുമായി നല്കിയിരിക്കുന്ന ചിന്താവിഷയം ''നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ'' (മത്താ. 28:19) എന്നതാണ്. വിശ്വാസവർഷാചരണത്തിൽ ഏറെ പ്രസക്തമായ ഒരു ചിന്താവിഷയമാണിത്. വിശ്വാസജീവിതത്തിലൂടെ ലോകം മുഴുവൻ ക്രിസ്തുവിന്റെ സാക്ഷികളാകാൻ യുവജനങ്ങളോട് സഭ ആവശ്യപ്പെടുകയാണ്. ഇതിന്റെ വെളിച്ചത്തിലാണ് ഈ വർഷത്തെ ലോകയുവജനദിനാചരണത്തിന്റെ വിഷയമായി ''എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ'' (ഫിലി. 4:4) എന്ന ബൈബിൾ വചനം നമ്മുടെ ചിന്തയ്ക്കും പ്രവർത്തനത്തിനുമായി പങ്കുവച്ചത്. പരിശുദ്ധ പിതാവ് നല്കിയ യുവജനദിന സന്ദേശത്തിലെ ഏതാനും ചില ചിന്തകൾ പ്രത്യേകമായി അനുസ്മരിക്കേണ്ടതുണ്ട്.

3. നമ്മുടെ ഹൃദയങ്ങൾ സന്തോഷത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവയാണ്. നമ്മുടെ അനുദിന ജീവിതത്തിലും സാഹചര്യങ്ങളിലും കർത്താവ് നല്കുന്ന സന്തോഷത്തെ അനുഭവിച്ചറിയാനും സ്വായത്തമാക്കാനും നമുക്ക് സാധിക്കണം. യഥാർത്ഥമായ സന്തോഷത്തിന്റെ ഉറവിടം ദൈവമാണെന്ന തിരിച്ചറിവിലേക്ക് യുവജനങ്ങൾ കടന്നുവരണം. ക്ഷണികസന്തോഷങ്ങൾ നല്കുന്ന നിരവധിയായ കാര്യങ്ങൾ നമുക്ക് അനുദിന ജീവിതത്തിൽ ചെയ്യാനാവും. എന്നാൽ, ആത്യന്തികവും പൂർണ്ണവുമായ സന്തോഷം ദൈവത്തിലെ കണ്ടെത്താനാകൂ. ക്രിസ്തുവുമായുള്ള കണ്ടെത്തലിലൂടെ അഗാധമായ ക്രൈസ്തവ സന്തോഷം നമ്മുടെ ഹൃദയങ്ങളിലേക്ക് കവിഞ്ഞൊഴുകട്ടെ.

4. സന്തോഷം വിശ്വാസത്തിന്റെ ഫലമാണ്. 'പ്രിയ സുഹൃത്തുക്കളേ, നിങ്ങളുടെ അനുദിന ജീവിത സംഭവങ്ങളിൽ മറഞ്ഞിരിക്കുന്ന ദൈവത്തെ കണ്ടെത്തുവിൻ' എന്ന് പരിശുദ്ധ പിതാവ് നമ്മെ ആഹ്വാനം ചെയ്യുന്നു. ജെറെമിയ പ്രവാചകൻ ഇപ്രകാരം എഴുതുന്നു; ''അങ്ങയുടെ വചനം കണ്ടെത്തിയപ്പോൾ ഞാൻ അവ ഭക്ഷിച്ചു. അവ എനിക്ക് ആനന്ദാമൃതമായി. എന്റെ ഹൃദയത്തിന് സന്തോഷവും'' (ജറെ. 15:16). വിശുദ്ധലിഖിതങ്ങൾ വായിക്കാനും പഠിക്കാനും അത് ജീവിതത്തിന്റെ ഭാഗമാക്കാനും അങ്ങനെ ജീവിതത്തിൽ ദൈവം നല്കുന്ന സന്തോഷത്തെ അനുഭവിച്ചറിയാനും നമുക്ക് കഴിയണം.

5. സന്തോഷം സ്നേഹവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. നമ്മുടെ സുഹൃദ് ബന്ധങ്ങളിൽ, കുടുംബ ബന്ധങ്ങളിൽ, സമൂഹ ബന്ധങ്ങളിൽ സ്നേഹത്തിന്റെ ഒരു സംസ്കാരം കെട്ടിപ്പടുക്കാൻ നമുക്കാവണം. യുവജനങ്ങൾ ഈ സ്നേഹത്തെ കണ്ടെത്താനും അനുഭവിക്കാനും കൂടുതൽ ആഗ്രഹമുള്ളവരാണ്. നാം ആത്മാർത്ഥതയും വിശ്വസ്ത

തയും ഉള്ളവരായിരിക്കണമെന്ന് നമ്മുടെ സുഹൃത്തുക്കൾ പ്രതീക്ഷി ക്കുന്നുണ്ട്. സ്നേഹത്തിന്റെ സന്തോഷം അനുഭവിക്കണമെങ്കിൽ നാം ഉദാരതയുള്ളവരായിരിക്കണം. നമ്മുടെ ജീവിതങ്ങളെ മറ്റുള്ളവർക്ക് നന്മ യ്ക്കായ് വിട്ടുകൊടുക്കുന്ന ഔദാര്യത്തിന്റെ സന്തോഷം നാം അനുഭ വിച്ചറിയണം. വൈദിക, സന്ന്യസ്ത ജീവിതത്തിന്റെ സ്വയം സമർപ്പ ണത്തിലേക്ക് യുവജനങ്ങൾ തീക്ഷ്ണതയോടെ കടന്നുവരണം. ദൈവ ത്തോടുകൂടെ ആയിരിക്കുവാനും സകലതും പരിത്യജിക്കുവാനും പൂർണ്ണഹൃദയത്തോടെ മറ്റുള്ളവർക്ക് സേവനം ചെയ്യുവാനുമുള്ള അവി ടത്തെ ക്ഷണത്തിന് പ്രത്യുത്തരം നല്കുന്ന എല്ലാവരെയും അവിടന്ന് സന്തോഷം കൊണ്ട് നിറയ്ക്കുമെന്ന് തീർച്ചയുണ്ട്. വൈവാഹിക ജീവി തത്തിന്റെ പരിശുദ്ധിയിലും സ്വയം സമർപ്പണത്തിലും വിശ്വസ്തത യിലും ദൈവത്തിന്റെ സന്തോഷത്തെ അനുഭവിച്ചറിയാനും ആധുനിക ലോകത്തിന് മാതൃകയാകാനും സാധിക്കണം. പങ്കുവയ്ക്കലിന്റെയും പരസ്പര ശ്രദ്ധയുടെയും താത്പര്യത്തിന്റെയും സവിശേഷ സ്ഥാന ങ്ങളായി നമ്മുടെ ക്രൈസ്തവ സമൂഹങ്ങൾ നിലകൊള്ളാൻ വേണ്ട എല്ലാ പരിശ്രമവും യുവജനങ്ങൾ നടത്തണം.

6. സമ്പത്ത് സന്തോഷം ഉറപ്പാക്കുകയില്ലെന്ന് അനുഭവം നമ്മെ പഠിപ്പി ക്കുന്നുണ്ട്. താല്ക്കാലിക സുഖങ്ങളും നേട്ടങ്ങളും അന്വേഷിക്കാൻ ആധുനിക സംസ്കാരം നമ്മെ മിക്കപ്പോഴും സമ്മർദ്ദം ചെലുത്തിക്കൊ ണ്ടിരിക്കുന്നു. എന്നാൽ ഉപഭോഗപരമായ ചിന്തയിലേക്ക് നയിക്കുന്ന ഇത്തരം മിഥ്യയായ സന്തോഷവാഗ്ദാനങ്ങൾ നാം ഉപേക്ഷിക്കണം. ഭൗതിക സമ്പത്തുകളാൽ ചുറ്റപ്പെട്ടിരിക്കുന്ന മനുഷ്യർ നിരാശ, ദുഖം, ശൂന്യത എന്നിവയിൽ നിറഞ്ഞിരിക്കുന്നവരാണ് എന്ന അനുഭവം നമ്മെ യഥാർത്ഥ സന്തോഷത്തിലേക്ക് നയിക്കണം. സുസ്ഥിരമായ സന്തോ ഷമുണ്ടാകുന്നതിന് നാം സ്നേഹത്തിലും സത്യത്തിലും ജീവിക്കണം. അതാണ് യഥാർത്ഥ വിശ്വാസ ജീവിതം.

7. മാർപാപ്പ തുടരുന്നു 'നിങ്ങൾ സന്തോഷത്തിന്റെ മിഷണറിമാരാകണം. ദൈവത്തിൽ നിന്നുള്ള യഥാർത്ഥ സന്തോഷം നാം നമ്മുടെ വിശ്വാസജീവിതത്തിന്റെ ഭാഗമാക്കുകയും ആ സന്തോഷത്തിന്റെ സാക്ഷ്യം പങ്കുവയ്ക്കുകയും ചെയ്യണം. സന്തോഷം പൂർണ്ണമാകുന്നത് അത് കൊടുക്കുമ്പോഴാണ്. നമ്മുടെ ജീവിതങ്ങൾ വിശ്വാസാനുഭവ ത്തിന്റെ സാക്ഷ്യങ്ങളാകുമ്പോൾ യഥാർത്ഥ സന്തോഷാനുഭവം മറ്റു ള്ളവരുമായി പങ്കുവയ്ക്കാൻ നമുക്ക് സാധിക്കും. യഥാർത്ഥവും പൂർണ്ണ വും സ്ഥായിയുമായ സന്തോഷം കൊണ്ടുവരുന്ന ഒന്നാണ് വിശ്വാസ





മെന്ന് ലോകത്തിന് കാണിച്ചുകൊടുക്കുക. അതു യുവ അനുയായിക ളായ നിങ്ങളുടെ കടമയാണ്. ഇരുളടഞ്ഞതും വിരസവുമായ ജീവിത ങ്ങൾക്ക് വിശ്വാസത്തിന്റെ സന്തോഷപ്രദവും സുഖപ്രദവുമായ വശം കാണിച്ചുകൊടുക്കണം. സഹിക്കുന്നവരിലേക്കും അന്വേഷിക്കുന്നവരി ലേക്കും യേശു നല്കാൻ ആഗ്രഹിക്കുന്ന സന്തോഷം നല്കണം. അത് നമ്മുടെ വിശ്വാസപ്രഘോഷണമാണ്. വിശ്വാസത്തിന്റെ ആ സന്തോഷം നിങ്ങളുടെ കുടുംബങ്ങളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ജോലി സ്ഥലങ്ങളിലേക്കും നിങ്ങളുടെ സുഹൃത്തുക്കളിലേക്കും - നിങ്ങൾ ജീവിക്കുന്ന എല്ലായിടത്തും - കൊണ്ടു ചെല്ലണം. ക്രൈസ്തവ വിശ്വാസ കൈമാറ്റത്തിന്റെ ഉത്തമ സ്രോതസ്സായി യുവ ജനങ്ങളുടെ വിശ്വാസ ജീവിതം മാറണം'. പ്രിയ യുവജന സുഹൃത്തു ക്കളേ, കുമ്പസാരമെന്ന കൂദാശയുടെ സന്തോഷാനുഭവത്തിലേക്ക് നിങ്ങൾ കൂടക്കൂടെ കടന്നുവരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടിയ ഈ കൂദാശ സ്വീക രണം യഥാർത്ഥ വിശ്വാസാനുഭവം പങ്കുവയ്ക്കുന്നതിനു നമ്മെ സഹാ യിക്കും.

8. വിശ്വാസത്തെക്കുറിച്ചുള്ള സവിശേഷമായ വിചിന്തനത്തിന്റെയും വീണ്ടും കണ്ടെത്തലിന്റെയും ഒരു കാലഘട്ടത്തിലേക്ക് സഭ മുഴുവ നെയും, പ്രത്യേകിച്ച് യുവജനങ്ങളെ വളർത്താനുള്ള നല്ലൊരവസര മാണ് ഈ വിശ്വാസ വർഷാചരണം. ആഗോള കത്തോലിക്കാസഭയുടെ വിശ്വാസ വർഷാചരണത്തിന് ഉപോദ്ബലകമായി ഏതാനും പ്രത്യേ കതകൾ കാണാവുന്നതാണ്. ഒന്നാമതായി, സഭയുടെ വിശ്വാസ സാക്ഷ്യത്തിന്റെ മാഗ്നാക്കാർട്ടയെന്ന് വിശേഷിപ്പിക്കാവുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയതിന്റെ സുവർണ്ണ ജൂബിലിയുടെ ആരംഭം (1962 ഒക്ടോബർ 11). കൗൺസിലിന്റെ സമാ പന സന്ദേശം വളരെ പ്രത്യേകമായി യുവജനങ്ങൾക്ക് നല്കുന്നത് യുവജനങ്ങളെ സഭയുടെ ഭാവി പ്രതീക്ഷയായി കണ്ടുകൊണ്ടാണ്. ഇതോടനുബന്ധിച്ച് നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള സാർവ്വ ത്രിക സഭയുടെ 13-ാമത് സിനഡ് 2012 ഒക്ടോബർ 7 മുതൽ 28 വരെ നടക്കുന്നു. രണ്ടാമതായി, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം പ്രസിദ്ധീകരിച്ചതിന്റെ 20-ാം വാർഷികം (1992 ഒക്ടോബർ 11). കൗൺസിൽ പ്രമാണരേഖകളുടെ ആഴമാർന്ന പഠനം, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിന്റെയും യുവജന മതബോധന

ഗ്രന്ഥത്തിന്റെയും വ്യാപനം എന്നിവ ലക്ഷ്യം വയ്ക്കുന്ന വിശ്വാസ വർഷാചരണം കേരള സഭയിൽ ശരിയായി നടപ്പിലാകണം. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശ്വാസജീവിതത്തിന്റെ പാതയിൽ കത്തോലിക്കർക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നു. സഭയിലെ യുവജനങ്ങളെ മുഴുവൻ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് അവരുടെ വിശ്വാസപരിശീലനത്തിന് കൃത്യമായ മാർഗ്ഗനിർദ്ദേശം കൊടുക്കാൻ, അവരുടെ വിശ്വാസസംബന്ധമായ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നല്കാൻ YOUCAT എന്ന യുവജന മതബോധനഗ്രന്ഥം ഉപകരിക്കുന്നു. കഴിഞ്ഞ ലോകയുവജനദിനാഘോഷവേളയിൽ യുവജനങ്ങൾക്കായി മാർപാപ്പ അതു സമർപ്പിക്കുകയുണ്ടായി. യുവജനങ്ങളുടെ വിശ്വാസ ജീവിതത്തിന് ഉത്തമ വഴിവെളിച്ചമാകുന്ന ഒരു കൂട്ടുകാരനായി ഈ ഗ്രന്ഥത്തെ കാണാനും വായിക്കാനും മനസ്സിലാക്കാനും എല്ലാ യുവജനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

9. രാഷ്ട്രനന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനമാണ് രാഷ്ട്രീയ പ്രവർത്തനം എന്ന തിരിച്ചറിവിലൂടെ തിരുത്തലിന്റെ രാഷ്ട്രീയപ്രവർത്തകരാകാൻ യുവജനങ്ങൾ തയ്യാറാവണം. വിശ്വാസജീവിത സാക്ഷ്യത്തിന്റെ ഉത്തമവേദിയായി സാമൂഹികമണ്ഡലങ്ങളെ മാറ്റി യേശുനാഥൻ നടത്തിയ സാമൂഹികനീതിയുടെ പാത രാഷ്ട്രത്തിൽ സംജാതമാക്കാനും സംശുദ്ധ രാഷ്ട്രീയ പ്രവർത്തനത്തിന് ചുക്കാൻ പിടിക്കാനും യുവജനങ്ങൾ തയ്യാറാവണം. ഒരു പ്രദേശത്തിന്റെ വികസനത്തിൽ ഇടവകയ്ക്കുള്ള പങ്ക് വളരെ വലുതാണ്. സാമൂഹികകാര്യങ്ങളിൽ ഇടപെടുന്ന നല്ല യുവജനനേതാക്കളെ വളർത്തിക്കൊണ്ടുവരാൻ ഇടവകസമൂഹത്തിനാകണം. രാഷ്ട്രനന്മയ്ക്കായി സഭ ചെയ്യുന്ന സേവനങ്ങൾ കൂടുതൽ സാമൂഹികമായി ശക്തിപ്പെടുത്തുന്നതിന്റെ ഉത്തരവാദിത്വം യുവജനങ്ങൾ ഏറ്റെടുക്കണം. 'രാഷ്ട്രീയമാണ്, പുറത്ത് ആധുനിക ലോകത്തിൽ ക്രിസ്തീയ പ്രതിബദ്ധത ജീവിക്കുവാനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം' എന്ന ഭാഗ്യസ്മരണാർഹനനായ പോൾ 6-ാമൻ മാർപാപ്പയുടെ ആഹ്വാനം നമ്മുടെ യുവജനങ്ങൾക്ക് കരുത്ത് പകരണം.

10. മലീമസമാക്കപ്പെടുന്ന സമൂഹം ആധുനിക യുഗത്തിന്റെ വെല്ലുവിളിയാണ്. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടങ്ങൾ മനുഷ്യന്റെ മുമ്പിലുള്ള ലോകത്തെ വിശാലമാക്കിയപ്പോൾ, സ്വാർത്ഥ





തയുടെയും സ്വയം ഉൾവലിയലിന്റെയും ജീവിതത്തിലേക്ക് മനുഷ്യൻ ചുരുങ്ങുകയാണുണ്ടായത്. ഇവിടെ പുത്തൻ ജീവിതശൈലികൾ വച്ചുനീട്ടുന്ന ജീവിതസുഖങ്ങൾ പ്രലോഭനങ്ങൾ നിറഞ്ഞതാണ്. ചില യുവജനങ്ങളെങ്കിലും ഇന്ന് നയിക്കപ്പെടുന്നത് തെറ്റായ പാതയിലൂടെയാണെന്ന കണ്ടെത്തലുകൾ നമ്മെ ആശങ്കപ്പെടുത്തേണ്ടതുണ്ട്. ആധുനിക മാധ്യമസംസ്കാരം ജീവന്റെ മഹത്ത്വത്തെ തമസ്കരിക്കുമ്പോൾ, ലൗകികതയുടെ ആസ്വാദനസുഖങ്ങളിലേക്ക് മാത്രം മനുഷ്യൻ ഒതുങ്ങിപ്പോകുന്നു- പ്രത്യേകിച്ച് യുവജനങ്ങൾ. ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗം ഇന്ന് യുവജനങ്ങളുടെ ഇടയിൽ വ്യാപകമായിരിക്കുന്നു. ഇന്റർനെറ്റ് തിളക്കമാർന്നതും ആവേശം നൽകുന്നതുമായ ഒരു ലോകം തുറന്നുതരുന്ന വാതിലാണ്. വിവരദാനസംബന്ധമായ ശക്തമായ സ്വാധീനവും അതിനുണ്ട്. പക്ഷെ, ആ വാതിലിനപ്പുറത്ത് എല്ലാ സംഗതികളും സുരക്ഷിതത്വം നല്കുന്നതോ ആരോഗ്യകരമോ സത്യസന്ധമോ അല്ല. സ്വന്തം ജീവിതത്തെയും മറ്റുള്ളവരുടെ ജീവിതത്തെയും സമ്പന്നമാക്കാൻ യുവജനങ്ങളെ അത് ശക്തരാക്കയേക്കാമെങ്കിലും അവരെ ഉപഭോഗസംസ്കാരത്തിലേക്കും അശ്ലീലതയിലേക്കും അക്രമപരമായ ഭാവനകളിലേക്കും മന:ശാസ്ത്രപരമായ ഒറ്റപ്പെടലുകളിലേക്കും മുക്കിത്താഴ്ത്താൻ അതിന് കഴിയും. നന്മയ്ക്കുവേണ്ടി അതിനെ ഉപയോഗിക്കാൻ യുവജനങ്ങൾ പഠിക്കണം. സ്വയം തിരിച്ചറിവിന്റെയും സ്വയം തീരുമാനമെടുക്കലിന്റെയും ശക്തിയാണ് ഇവിടെ ഏറെ പ്രാധാന്യമർഹിക്കുന്നത്. ലഹരിയുടെ ഉപയോഗം അമിതമായി വർദ്ധിക്കുന്നു. കുറ്റകൃത്യങ്ങളുടെ പട്ടികയിൽ നമ്മുടെ സംസ്ഥാനവും അതിൽത്തന്നെ യുവജനങ്ങളും ഏറെ മുൻപന്തിയിലെത്തി നിൽക്കുന്നു. ലഹരിക്കെതിരെ പോരാടുന്ന ഒരു ശക്തിയായി നമ്മുടെ യുവജനങ്ങൾ വളർന്നുവരണം. മദ്യവും മയക്കുമരുന്നും പാൻമസാലയും മറ്റ് ലഹരി വസ്തുക്കളും ഉപേക്ഷിച്ചുകൊണ്ട് ക്രിസ്തീയത ആവശ്യപ്പെടുന്ന പരിപൂർണ്ണതയുടെ പാതയിലേക്ക് യുവജനങ്ങൾ കടന്നുവരണം.

11. യുവജന വിശ്വാസപ്രഘോഷണത്തിലും യുവജന പ്രേഷിതത്വത്തിലും കുടുംബത്തിനുള്ള പ്രാധാന്യം കൂടെ എടുത്തുപറയണം. പ്രാഥമിക വിശ്വാസപരിശീലനത്തിന്റെ വേദിയാകുന്ന കുടുംബങ്ങൾ ഗാർഹിക സഭ എന്ന നിലയിൽ ആ വിശ്വാസപരിശീലനത്തിന്റെ തുടർച്ച കൂടി ഉറപ്പുവരുത്തേണ്ടതുണ്ട്. യുവജനങ്ങളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ കുടുംബങ്ങൾ കാണിക്കണം. പുതുമകൾ നിറഞ്ഞ ലോകത്തിന്റെ വശ്യത

യിൽ തിന്മയ്ക്കടിമപ്പെടാതെ നന്മയുടെ പാതയിൽ യുവജനങ്ങളെ വളർത്താൻ മാതാപിതാക്കൾ പ്രത്യേകമാം വിധം ശ്രദ്ധിക്കണം. ഭൗതികത മാത്രം ലക്ഷ്യം വച്ച് യുവജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്ന മാതാപിതാക്കൾ ഇന്ന് കുറവല്ല. തങ്ങളുടെ ഉള്ളിലുള്ള സത്തയെ കണ്ടെത്താനും അതിനനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്താനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് യുവജനങ്ങൾക്ക് ലഭിക്കേണ്ടത്.

12. പലതരത്തിലുള്ള സെക്ടുകളുടെ ആവിർഭാവവും അവയിലേക്ക് യുവജനങ്ങൾ ആകർഷിക്കപ്പെടുന്നതും ഗൗരവപൂർവ്വം നാം കാണേണ്ടതാണ്. പുതുമയുടെ ലോകത്ത് പരീക്ഷണം നടത്താൻ ഇഷ്ടപ്പെടുന്ന യുവജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കി വിശ്വാസപാതയിൽ സ്ഥിരപ്പെടുത്താൻ യുവജനശുശ്രൂഷകർക്കാവണം. മുതിർന്നവർ, മാതാപിതാക്കൾ, വിശ്വാസപരിശീലകർ, സമർപ്പിത ജീവിതം നയിക്കുന്നവർ തുടങ്ങി സഭയുടെ ഏത് തലത്തിലുള്ള വ്യക്തികൾക്കും ഇതിൽ യുവജനങ്ങളെ സഹായിക്കാനാകും. ഇടവകയിലെ യുവജനകൂട്ടായ്മകളും യുവജനപ്രവർത്തനങ്ങളും ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യുന്നതിന്റെ ആവശ്യകതയും നാം തിരിച്ചറിയണം. വിശ്വാസ ജീവിതത്തിൽ യുവജനങ്ങൾ ആഴപ്പെടാനും വളരാനും അത് അത്യന്താപേക്ഷിതമാണ്. വിശ്വാസം പ്രഘോഷിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യേണ്ടതാണ്. അതിന് കൂട്ടായ്മകൾ വളരെ സഹായകരമാണ്. 2013 ഫെബ്രുവരി മാസത്തിൽ കേരള സഭയിലെ എല്ലാ യുവജനങ്ങൾക്കും ഒത്തുചേരാനുള്ള ഒരു വേദി കെ.സി.ബി.സി. യുവജന കമ്മീഷൻ ഒരുക്കുന്നു. ഒരുത്തമ വിശ്വാസപ്രഖ്യാപനവും വിശ്വാസസാക്ഷ്യവുമായി ഈ സമ്മേളനത്തെ മാറ്റാൻ എല്ലാ യുവജനങ്ങളെയും ഹൃദ്യമായി ക്ഷണിക്കുന്നു. അതിന്റെ വിജയത്തിനാവശ്യമായ എല്ലാ സഹകരണങ്ങളും പ്രാർത്ഥനാസഹായങ്ങളും ഏവരോടും അഭ്യർത്ഥിക്കുന്നു.

13. നമ്മുടെ ഇടവകകളിൽ യുവജനപ്രസ്ഥാനത്തെ ശക്തമാക്കേണ്ടതക്കുകയും നമ്മുടെ യുവജനങ്ങൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശം നല്കി സഭയോടൊപ്പം വളർത്തുകയും ചെയ്യുക ഓരോ ഇടവകാംഗത്തിന്റെയും കടമയാണ്. കേരള സഭയുടെ യുവജന കമ്മീഷൻ യുവജനക്ഷേമത്തിനായുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇടവകയിലെ വിവിധങ്ങളായ സംഘടനകളിൽ പ്രവർത്തിക്കുമ്പോഴും സഭയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം. ൽ എല്ലാ യുവജനങ്ങളും അംഗങ്ങളാകണം. കെ.





സി.വൈ.എം. ഉം സഭയിലെ ഇതര യുവജന സംഘടനകളും യുവജനങ്ങളുടെ വ്യക്തിത്വരൂപീകരണത്തിനും അവരുടെ ആത്മീയവും സാമൂഹികവുമായ വളർച്ചക്കും നിരവധി സാധ്യതകൾ നല്കുന്നുണ്ട്. അവയെ പ്രയോജനപ്പെടുത്താൻ യുവജനങ്ങൾക്ക് സാധിക്കണം. ഇടവക സമൂഹം മുഴുവനും യുവജന അജപാലന പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടാനും പിന്തുണ നല്കാനും സാമ്പത്തിക സഹായങ്ങൾ ചെയ്യാനും പ്രത്യേകം ശ്രദ്ധിക്കണം. യുവജനദിനത്തിൽ എല്ലാ ഇടവകകളിലും പ്രത്യേകമായി യുവജനങ്ങൾക്കായി ദിവ്യബലി അർപ്പിക്കുകയും യുവജനങ്ങൾക്ക് പ്രോത്സാഹനം നല്കുന്ന രീതിയിൽ വിവിധങ്ങളായ പരിപാടികളോടെ യുവജനദിനം ആചരിക്കുകയും ചെയ്യണം.

14. ഇസ്രായേൽ ജനം അതിന്റെ ചരിത്രത്തിലെ ഒരു വിഷമദശാസന്ധിയിലൂടെ കടന്നുപോയപ്പോൾ ദൈവം സഹായം ആവശ്യപ്പെട്ടത് ഇസ്രായേലിലെ ഉന്നതശ്രേണിയിലുള്ള ആളുകളിൽ നിന്നായിരുന്നില്ല, പിന്നെയോ ജെറെമിയ എന്ന ഒരു യുവാവിൽ നിന്നായിരുന്നു. ജറെമിയ അത്ഭുതപരതന്ത്രനായി പറഞ്ഞു; "ദൈവമായ കർത്താവേ, ഞാൻ കേവലം ബാലനാണ്. സംസാരിക്കാൻ എനിക്ക് പാടവമില്ല." (ജെറെ. 1: 6). പക്ഷെ, ദൈവം പിന്തിരിഞ്ഞില്ല. അവിടുന്ന് പറഞ്ഞു; "വെറും ബാലനാണെന്ന് നീ പറയരുത്. ഞാൻ ആരുടെ അടുക്കലേക്കെല്ലാം അയയ്ക്കുന്നുവോ അവരുടെയെല്ലാം അടുക്കലേക്ക് നീ പോകണം, ഞാൻ കല്പിക്കുന്നതെന്തും സംസാരിക്കണം." (ജെറെ.1:7). ജെറെമിയായെ ദൈവം ചുമതലപ്പെടുത്തിയതുപോലെ വിശ്വാസപാതയിൽ സഭയെ ഉന്നതങ്ങളിലേക്ക് നയിക്കാൻ യുവജനങ്ങളെ പ്രത്യേകമായി ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ വിശ്വാസയാത്രയിൽ എല്ലാ വിശ്വാസികളും അവരോടൊപ്പം ഉണ്ടാകണം. യുവജനങ്ങളോടൊപ്പമുള്ള ഈ യാത്രയിൽ പരിശുദ്ധ കന്യാമറിയത്തിന്റെ നിരന്തര സാന്നിദ്ധ്യം എന്നുമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഏവർക്കും യുവജനദിനത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

---

**N.B.** 2012 ജൂലൈ 8-ാം തീയതി ഞായറാഴ്ച ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയും യുവജനദിനം വേണ്ടവിധം ആചരിക്കും ചെയ്യേണ്ടതാണ്.

**+ മാർ ജേക്കബ് മനത്തോടത്ത്**

2012



# BISHOP'S Engagements

**2012 JUNE**

| | | |
|---|---|---|
| 1 | | Meeting, POC |
| 2 | | St. Joseph's Church, Olavakode |
| 3 | | St. Thomas Church, Chittur, Attapady, Sehion Retreat Centre, Thavalam |
| 4 | PM | Ernakulam |
| 5-7 | | KCBC Meeting, POC |
| 8 | AM | Bharathamatha School, Chandranagar |
| 9 | AM | Kudumbakoottaima, Kollengode |
| | PM | BTC Inauguration, Pastoral Centre |
| 10 | | Parish Visit |
| 11-12 | | Trimonthly, Yuvakshetra, Mundur |
| 16 | AM | Meeting ,Pastoral Centre |
| 17 | | KCYM Meeting, Kanjirapuzha |
| 20 | | Sehion Retreat Centre, Thavalam |
| 21-July 19 | | Abroad |



# From the Bishop's Office

**പ്രാർത്ഥനയിൽ സ്മരിക്കാൻ**

ഫാ. സെബാസ്റ്റ്യൻ തയ്യിൽ മരണ വാർഷികം - ജൂൺ 29.

**ബൈബിൾ ഞായർ**

ജൂൺ മാസം 3-ാം തിയ്യതി ബൈബിൾ ഞായറായി സഭ ആചരിക്കുന്നു. അന്നേ ദിവസം വിശുദ്ധ കുർബാന മദ്ധ്യേയുള്ള സ്തോത്രക്കാഴ്ച കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.





**ത്രൈമാസ സമ്മേളനം**

വൈദികരുടെ ത്രൈമാസ സമ്മേളനം ജൂൺ 11-12 തിയ്യതികളിൽ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

**പത്രോസിന്റെ കാശ്**

മാർപാപ്പയുടെ പരസ്നേഹ പ്രവർത്തങ്ങൾക്കായുള്ള സംഭാവനകൾ ജൂൺ 24-ാം തിയ്യതി ഞായറാഴ്ച സമാഹരിച്ച് തുക രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**വിശ്വാസ പരിശീലന വാർഷാരംഭം**

ജൂൺ 3-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യയനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേ ദിവസം ഇടവകകളിൽ മതബോധനദിനമായി ആചരിക്കുമല്ലോ.

**വൈദികരുടെ ഇൻഷൂറൻസ് സ്കീം**

മെഡിക്കൽ ഇൻഷൂറൻസിൽ ചേരുന്നതിന് രൂപതാവൈദികർ താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

1. 2012ന് ജൂൺ 1ന് 55-70 വയസ്സ് പൂർത്തിയാകുന്ന വൈദികർക്ക് മെഡിക്കൽ റിപ്പോർട്ട് ആവശ്യമാണ്. പാലക്കാട് മണപ്പുള്ളിക്കാവിലുള്ള ലക്ഷ്മി നഴ്സിംഗ് ഹോമിൽ അതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. 0491 -2529999 എന്ന നമ്പറിൽ വിളിച്ച് ഇൻഷൂറൻസ് സെക്ഷനുമായി ബന്ധപ്പെട്ട് തിയ്യതി നിശ്ചയിച്ചിട്ടുവേണം ബഹു. അച്ചന്മാർ ചെക്കപ്പിന് പോകുവാൻ. അവിടെ കൊടുക്കേണ്ടതായ 1850 രൂപ ഓരോരുത്തരും വഹിക്കേണ്ടതാണ്.
2. 55 വയസ്സിന് താഴെയുള്ളവർ മെഡിക്കൽ സർട്ടിഫിക്കറ്റാണ് വാങ്ങേണ്ടത്. ഇതിന് ഏതെങ്കിലും ആശുപത്രിയിലെ ഡോക്ടർമാരിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് മതിയാകും.
3. ജൂൺ 11-12ലെ ത്രൈമാസ സമ്മേളനത്തിന് വരുമ്പോൾ കൊണ്ടുവരേണ്ട രേഖകൾ താഴെ പറയുന്നവയാണ്;

   മെഡിക്കൽ റിപ്പോർട്ട് (55-70 വയസ്സ്), മെഡിക്കൽ സർട്ടിഫിക്കറ്റ് (55 വയസ്സിന് താഴെ), ജനന തിയ്യതി തെളിയിക്കുന്ന രേഖ, പാസ്പോർട്ട് സൈസ് ഫോട്ടോ (2 എണ്ണം), പാൻകാർഡ്, തിരിച്ചറിയൽ കാർഡ് (കോപ്പി),

**ന്യൂനപക്ഷ ക്ഷേമപദ്ധതികൾ**

കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ ഡിപ്പാർട്ടുമെന്റ് ന്യൂനപക്ഷങ്ങൾക്ക് ഉപകാരപ്രദമായ ഒട്ടേറെ സ്കീമുകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഏതാനും ചിലത് മാത്രം താഴെ ചേർക്കുന്നു.:

1. Pre- Metric Scholarship Scheme
2. Post Metric Scholarship Scheme

3. Maulana Azad National Educational Scheme
4. Merit cum Means Based Scholarship
5. Free Coaching and Allied Scheme
6. Multi - Sectoral Development Programme
7. National Minorities Development & Finance Corporation
8. Leadership Development of Minorty Women

ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് : www.minorityaffairs.gov.in

Mr. Rakehs Singh, email : rakesh.bpd@gmail.com Ph: 9311968190

Dr. Sam, email: drsam_george@yahoo.com, Ph: 9968174987

## APPOINTMENT & TRANSFER OF PRIESTS

1. Rev. Fr. Mulangattil Thomas CST, Vicar, Infant Jesus Church, Vayaloor, Chaplain, Karunalayam Convent, Pettikkal. w.e.f. 1.5.2012
2. Rev. Fr. Kattakkal Thomas , Relieved, Infant Jesus Church, Vayaloor
3. Rev. Fr. Elikot Chacko (Vipin) CST Vicar, St. Thomas Church, Palakkuzhi, Chaplain, Deepthi Bhavan, Palakkuzhi. w.e.f. 1.5.2012
4. Rev. Fr. Narimattathil Bineesh, Relieved,St. Thomas Church, Palakkuzhi
5. Rev. Fr. Parayil Jijo, Vicar, Christ the King Church Panamkutty & St.Antony's Church, Valkulambu, Chaplain, Nazareth Convent Muthukad. w.e.f. 5.5.2012
6. Rev. Fr. Velliyamkandathil Jaijin, Vicar, Blessed Mother Theresa Church, Kairadi, Chaplain, St. Thomas Convent Kairady. w.e.f. 1.6.2012
7. Rev. Fr. Kuttipuzhakkaran Sanil , Relieved, Blessed Mother Theresa Church, Kairadi.

## തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ

| | |
|---|---|
| വാളയാർ | ശ്രീ. എൻ.വി. ജോസഫ് നാരകത്തറയിൽ |
| | ശ്രീ. വൈ. ജോയ് ലീനാ സദനം |
| പാലക്കാട് ടൗൺ | ശ്രീ. ജോസ് മുക്കട, ശ്രീ. പോൾ പുതുശ്ശേരി |
| പാലപ്പുറം | ശ്രീ. അബ്രഹാം മുട്ടത്ത്, ശ്രീ. മാത്യു ചേന്ദംമുറിയിൽ |
| | ശ്രീ. ജോസഫ് വാവോലിക്കൽ |
| പഴമ്പാലക്കോട് | ശ്രീ. എൻ വർഗ്ഗീസ് ചക്കാലപ്പറമ്പിൽ |
| | ശ്രീ. എം. വി. വക്കച്ചൻ മോളത്ത് |
| മൈലംപുള്ളി | ശ്രീ. ജോസ് മടത്തുംപടി, ശ്രീ. ജോണി നെല്ലിക്കുന്നേൽ |





| | |
|---|---|
| മേലാർക്കോട് | ശ്രീ. കെ.വി. ജോർജ്ജ് കുളങ്ങര, ശ്രീ. പി.ജെ. ജോണി പുത്തൂർ |
| കാഞ്ഞിരപ്പുഴ | ശ്രീ. ജോർജ്ജ് തോമസ്, മട്ടുമ്മേൽ, |
| | ശ്രീ. സെബാസ്റ്റ്യൻ നമ്പുശ്ശേരി, ശ്രീ. സജി വാച്ചാപറമ്പിൽ |
| നിരവ് | ശ്രീ. ബേബി ചെറുകരക്കുന്നേൽ, ശ്രീ. ജോർജ്ജ് ആക്കാമറ്റത്തിൽ |
| കരിമ്പ | ശ്രീ. ജോർജ്ജ് ജോസഫ് മംഗലി, |
| | ശ്രീ. ആന്റണി കെ. തോമസ് കപ്പുങ്കൽ |
| ഒലവക്കോട് | ശ്രീ. അലക്സ് തോമസ് മുക്കാട്ടുകുന്നേൽ, |
| | ശ്രീ. കെ.ടി. കൊച്ചപ്പൻ കൂടലി, ശ്രീ. ജോസഫ് തയ്യിൽ |
| രാജഗിരി | ശ്രീ. റോയ് പുന്നോലിൽ, ശ്രീ. ജോർജ്ജ് പാലപറമ്പിൽ |
| പാലക്കാട് | ശ്രീ. സി. ജെ. ജോക്കബ്, ശ്രീ. സുരേഷ് വടക്കൻ |
| | ശ്രീ. ജോർജ്ജ് വട്ടക്കുഴി |
| വടക്കഞ്ചേരി | ശ്രീ. ജെയിംസ് കണിയാംപറമ്പിൽ, |
| | ശ്രീ. സിറിയക് കിഴക്കേക്കര തട്ടാംപറമ്പിൽ |
| മൂച്ചംകുണ്ട് | ശ്രീ. ജോസ് മാത്യു വട്ടക്കാനയിൽ, ശ്രീ. ഫ്രാൻസിസ് വല്ലത്ത് |
| ചിറ്റടി (മരിയനഗർ) | ശ്രീ. ബാബു മാറാമറ്റം, ശ്രീ.തോമസ് പതിയാൻ |
| എളവംപാടം | ശ്രീ. പൗലോസ് ചുങ്കത്ത്, ശ്രീ. ജോർജ്ജ് കൊച്ചുകാട്ടിത്തറ |
| കാരാകുർശ്ശി | ശ്രീ. ജോസഫ് വെണ്ണമറ്റം, ശ്രീ. ജോയ് കുര്യാക്കോസ് ഓലിക്കൽ |
| പാലക്കുഴി | ശ്രീ. ടോമി പാലമുറിയിൽ, ശ്രീ. ബെന്നി വാണിയപ്പുര |
| പന്തലാംപാടം | ശ്രീ. തോമസ് ആനമലയിൽ, ശ്രീ. ഡേബി വടക്കൻ |
| കഞ്ചിക്കോട് | ശ്രീ. ഫ്രാൻസിസ് കോക്കപ്പിള്ളിൽ, |
| | ശ്രീ. പൗലോസ് കോലത്തുകുടിയിൽ |
| ആലത്തൂർ | ശ്രീ. സ്കറിയ തീക്കുന്നത്ത്, ശ്രീ. വിൻസന്റ് വാഴപ്പള്ളിയിൽ |
| കൊടുന്തിരപ്പിള്ളി | ശ്രീ. രാജു കളപ്പുരയ്ക്കൽ, |
| | ശ്രീ. സെബാസ്റ്റ്യൻ പുത്തൻപുരയ്ക്കൽ |
| വചനഗിരി | ശ്രീ. സിബി ചാക്കോ വളയത്തിൽ, ശ്രീ. ബെന്നി പൊരിയത്ത് |
| ചന്ദ്രനഗർ | ശ്രീ. സെബാസ്റ്റ്യൻ മാളിയേക്കൽ, |
| | ശ്രീ. സെബാസ്റ്റ്യൻ വളാംപറമ്പിൽ |
| കൊഴിഞ്ഞാംപാറ | ശ്രീ. ഇ.എസ്. ജോസഫ്, ശ്രീ. പി.ഡി. ജോസ് |
| ഒറ്റപ്പാലം | ശ്രീ. ജോസ് അയ്യംകുളം, ശ്രീ. ഷിജോ കൈതമറ്റം |
| ഇരുമ്പകച്ചോല | ശ്രീ. ബിനോയ് അരകത്താമാക്കൽ, |
| | ശ്രീ. സിറിയക് പുതുപ്പള്ളിൽ |
| കല്ലേക്കോട് | ശ്രീ. ജോബ് കണിവയലിൽ, ശ്രീ. ഷാജു കണ്ണനായ്ക്കൽ |
| നീതിപുരം | ശ്രീ. ബേബി തറക്കുന്നേൽ, ശ്രീ. സോജൻ ഓരപുള്ളി |
| കല്ല | ശ്രീ. മാർവൽ തെങ്ങുംപിള്ളിൽ, ശ്രീ. ജോമോൻ മാവുങ്കൽ |
| കാരറ | ശ്രീ. ജെയ്മോൻ പാറയാനിയിൽ, ശ്രീ. മാത്യു കടമ്പനാട്ട് |
| കാരാപ്പാടം | ശ്രീ. സെബാസ്റ്റ്യൻ ജോസഫ് പൂവ്വത്തിങ്കൽ |
| | ശ്രീ. തോമസ് വാളായിൽ |
| ധോണി | ശ്രീ. മാത്യു മണ്ടപത്തികുന്നേൽ, |
| | ശ്രീ. ജോർജ്ജ് മുണ്ടഞ്ചേരി |

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 2-Jul-12 | MON | Rev. Fr. Thottankara Francis |
| 3-Jul-12 | TUE | Rev. Fr. Thottian Paul |
| 4-Jul-12 | WED | Rev. Fr. Thukkuparambil Betson |
| 5-Jul-12 | THU | Rev. Fr. Thuruthuvelil Nilesh |
| 6-Jul-12 | FRI | Rev. Fr. Thuruthipally George |
| 7-Jul-12 | SAT | Rev. Fr. Vadakkekara Goji |
| 9-Jul-12 | MON | Rev. Fr. Vadakkekara Tom |
| 10-Jul-12 | TUE | Rev. Fr. Vadakkumchery Thomas |
| 11-Jul-12 | WED | Rev. Fr. Vadakken Jaison |
| 12-Jul-12 | THU | Rev. Fr. Valayathil Xavier |
| 13-Jul-12 | FRI | Rev. Fr. Vattukalathil Saji |
| 14-Jul-12 | SAT | Rev. Fr. Vazhayil Mathew |
| 16-Jul-12 | MON | Rev. Fr. Vazheparambil Sebastian |
| 17-Jul-12 | TUE | Rev. Fr. Velliamkandathil Jaijin |
| 18-Jul-12 | WED | Rev. Fr. Ackaparambil Joyson |
| 19-Jul-12 | THU | Rev. Fr. Aippanparambil Dominic |
| 20-Jul-12 | FRI | Rev. Fr. Alackakunnel Jose |
| 21-Jul-12 | SAT | Rev. Fr. Aloor John |
| 23-Jul-12 | MON | Rev. Fr. Angeveettil Jose |
| 24-Jul-12 | TUE | Rev. Fr. Anjilimoottil Cherian |
| 25-Jul-12 | WED | Rev. Fr. Aricatt C. Antu |
| 26-Jul-12 | THU | Rev. Fr. Arisseriyil Thomas |
| 27-Jul-12 | FRI | Rev. Fr. Chakkalakal Joshy |
| 28-Jul-12 | SAT | Rev. Fr. Cheniyara Jose |
| 30-Jul-12 | MON | Rev. Fr. Chittilappilly Jose. P |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





# വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**വിശ്വാസപരിശീലന വാർഷാരംഭം (മതബോധനദിനം)**

ജൂൺ 3-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യയനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേദിനം ഇടവകകളിൽ മതബോധനദിനമായി ആചരിക്കാനും അന്നേ ദിവസം മുൻകൂട്ടി അറിയിച്ച് സ്തോത്രക്കാഴ്ച എടുത്ത് പ്രസ്തുത തുക മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കാനും ശ്രദ്ധിക്കുമല്ലോ.

**ബി.ടി.സി**

വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കായുള്ള ബേസിക് ട്രെയ്നിംഗ് കോഴ്സ് (ബി.ടി.സി) ജൂൺ മാസം 8, 9, 10 (വെള്ളി, ശനി, ഞായർ) തിയ്യതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ രാത്രി 10 മണിവരെയാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരും പാസ്റ്ററൽ സെന്ററിൽ താമസിച്ച് ബി.ടി.സി കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

3 ദിവസത്തെ കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് മാത്രമേ ബി.ടി.സി സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂവെന്ന് ഓർമ്മിപ്പിക്കുന്നു. ബി.ടി.സി സർട്ടിഫിക്കറ്റ് മതബോധന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു അടിസ്ഥാന യോഗ്യതയാണെന്ന് ഓർമ്മിക്കുമല്ലോ. രജി.ഫീസ്. 350 രൂപ. ബി.ടി.സിയിൽ പങ്കെടുക്കാനെത്തുന്ന അധ്യാപകർ അവരുടെ പരിശീലനത്തിനാവശ്യമായ ക്രിസ്തീയ മാസികകളിൽ നിന്നുള്ള വിവിധ ചിത്രങ്ങൾ കരുതേണ്ടതാണ്.

**പുസ്തകം പരിചയപ്പെടുത്തൽ**

പുതിയ അധ്യാപകർക്കുള്ള പുസ്തക പരിചയപ്പെടുത്തൽ ബി.ടി.സി. യുടെ രണ്ടാംദിനമായ ജൂൺ 9 ശനി 9.30am to 4.00pm വരെയായിരിക്കും. ഈ വർഷം പുതിയ ക്ലാസ്സുകളിലേക്ക് പഠിപ്പിക്കാൻ പോകുന്ന അധ്യാപകർ ശനിയാഴ്ച അതിൽ സംബന്ധിക്കേണ്ടതാണ്. പാസ്റ്റൽ സെന്ററിലായിരിക്കും പുസ്തകം പരിചയപ്പെടുത്തൽ നടത്തുക.

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"യേശുനാമം ഏകരക്ഷാനാമം"** എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. യേശുമാത്രമാണ് ഏക രക്ഷാമാർഗ്ഗം എന്ന വിശ്വാസത്തിൽ അടിയുറച്ച് വളരുന്ന തലമുറക്ക് ദൈവത്തെ കാണിച്ചുകൊടുക്കുവാൻ ഈ വിശ്വാസവർഷത്തിലെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| ജൂലായ് 14 | ശനി | 9.30 am to4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 18 | ബുധൻ | 9.30 am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| ആഗസ്റ്റ് 20 | തിങ്കൾ | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 25 | ശനി | 9.30 am to4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം. 01 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | വെള്ളി | 9.30 am to 4.00 pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 24 | ബുധൻ | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | വെള്ളി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിലെ പള്ളികളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| ജൂൺ 24 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 01 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 15 | ഞായർ | 9.30am to 4.00pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 22 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 05 | ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 12 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 19 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 26 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| സെപ്റ്റം 02 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം 09 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം 16 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |





**സാൻജോ ബുക്ക് സ്റ്റാൾ**

സൺഡേ കാറ്റികിസം, ഡെയ്‌ലി കാറ്റികിസം, സന്മാർഗ്ഗശാസ്ത്രം എന്നിവയുടെ പുസ്തകങ്ങളും മറ്റും വാങ്ങിയവർ ജൂൺ 25ന് ഉള്ളിൽ കണക്കുകൾ തീർക്കുവാൻ താല്പര്യപ്പെടുന്നു. അവർക്കുമാത്രമേ കൺസെഷൻ ലഭിക്കുകയുള്ളൂ. കുട്ടികൾക്കുള്ള ബാഗ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.

**ജനറൽക്വിസ് 2012-2013**

സൺഡേ കാറ്റികിസം പരീക്ഷകൾ,സ്കൊളാസ്റ്റിക് ടെസ്റ്റ് ക്വിസ്മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'വിശ്വാസ പരിശീലനത്തിനൊരു വഴികാട്ടി' സാൻജോ ബുക്ക് സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. (വില ജൂലൈ 31 വരെ 25 രൂപ, അതിനുശേഷം 35 രൂപ; 10 പുസ്തകത്തിൽ അധികം എടുത്താൽ 30 രൂപ)

**സ്റ്റാറ്റിസ്റ്റിക്സ് & ന്യൂ ടീച്ചേഴ്സ് ഫോം.**

സൺഡേ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സും, പുതിയ അദ്ധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോമും മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാനദിവസം ജൂലായ് 15 ഞായറാണ്.

**ലോഗോസ് ക്വിസ് 2011**

5 മുതൽ II HDC വരെയുള്ള ക്ലാസുകളിൽ വിശ്വാസപരിശീലനം നേടുന്ന എല്ലാകുട്ടികളും മതദ്ധ്യാപകരും ലോഗോസ് ക്വിസ് മത്സരത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ 1 ആരംഭിച്ച് ജൂലായ്

31ന് അവസാനിക്കുന്നു. ഫീസ് 10 രൂപയാണ്. കുട്ടികളുടെ ക്ലാസ് കൃത്യമായും വ്യക്തമായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ്തലത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

**നന്ദിയും സ്വാഗതവും**

വിശ്വാസപരിശീലന വേദിയുടെ റീജന്റായി വളരെ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബ്ര. ഷൈജു പരിയാത്തിന് ഹൃദ്യമായി നന്ദി പറയുന്നു. പുതിയ റീജന്റായി കടന്നുവന്നിരിക്കുന്ന ബ്ര. ആന്റണി തേക്കാനത്തിന് സ്വാഗതവും എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

**രൂപതാ മതബോധന കൗൺസിൽ**

മതബോധന കൗൺസിൽ മീറ്റിംഗ് ഏപ്രിൽ 28-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ ഓരോ ഫൊറോനകളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് പുതിയ അധ്യയനവർഷത്തെ പ്രവർത്തനപരിപാടികൾക്ക് രൂപരേഖ തയ്യാറാക്കി. ഈ വർഷത്തെ മതബോധനവിഷയമായി **"യേശുനാമം ഏകരക്ഷാനാമം"** എന്നത് തീരുമാനിച്ചു. സെമിനാറുകളെക്കുറിച്ചുള്ള ചർച്ചകളുമുണ്ടായിരുന്നു. കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ച എല്ലാ അംഗങ്ങൾക്കും നന്ദി.

**റെഗുലർ സ്കൂൾ അധ്യാപക സെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാന്മാർഗ്ഗികവുമായ വളർച്ചക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| ജൂൺ 23 | ശനി | 10 am to 4 pm | മണ്ണാർക്കാട് മേഖല (ഫൊറോന പാരിഷ്ഹാൾ) |
| ജൂൺ 30 | ശനി | 10am to 4pm | പാലക്കാട് മേഖല (പാസ്റ്ററൽ സെന്റർ) |
| ജൂലൈ 7 | ശനി | 10am to 4pm | വടക്കഞ്ചേരി മേഖല (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 13 | ശനി | 10am to 4pm | താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം) |

**റെഗുലർ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സ് & പദ്ധതി**

എല്ലാ സ്കൂളുകളും സ്റ്റാറ്റിസ്റ്റിക്സ് ഫോറവും 2012-2013 അദ്ധ്യായന വർഷത്തിലെ സ്കൂൾതല വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ കർമ്മ പദ്ധതിയും ജൂൺ 30ന് മുമ്പ് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റെഗുലർ സ്കൂൾ കൗൺസിൽ മീറ്റിംഗ്**

റെഗുലർ സ്കൂൾ കൗൺസിൽ അംഗങ്ങളുടെയും പ്രധാന അദ്ധ്യാപകരുടെയും മീറ്റിംഗ് ഏപ്രിൽ 28-ാം തിയ്യതി ശനിയാഴ്ച 2.00pm to 4.00pm





വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. അടുത്ത അദ്ധ്യായനവർഷത്തിലെ സ്കൂൾതല വിശ്വാസ പരിശീലന പരിപാടികളെപ്പറ്റി പരിചിന്തനം ചെയ്യുകയും പൊതുവായ കർമ്മപരിപാടികൾക്ക് രൂപം നൽകുകയും ചെയ്തു.

**സ്റ്റാർസ്**

സ്റ്റാർസിന്റെ അപേക്ഷാ ഫോറം നൽകേണ്ട അവസാന തിയ്യതി ജൂൺ 30 ശനിയാഴ്ചയാണ്.

**SUNDAYSCHOOL SCHOLARSHIP RESULT**

**Std IV**

| | | | |
|---|---|---|---|
| I | Namitha Jaison | Little Flower Church, Karimba | 88 |
| II | Febin Wilson | St. Pauls Church, Pattambi | 85 |
| III | Jithin Francis | Fathima Matha Church, Agali | 84 |

**Std. VII**

| | | | |
|---|---|---|---|
| I | Sebastian Joseph | St. Joseph's Church, Ponkandam | 80 |
| II | Josena Joseph | Fathima Matha Church, Agali | 79 |
| III | Jisna M.S. | Christ the King Church, Nemmara | 76 |

**Std. X**

| | | | |
|---|---|---|---|
| I | Amanda Ben | St. Antony's Forane Church, Ponnamkode | 86 |
| II | Jensy P. John | St. Joseph's Church, Karara | 80 |
| III | Arlin Joy | St. Thomas Forane Church, Kanjirapuzha | 73 |

**എവർ റോളിംഗ് ട്രോഫി ജേതാക്കൾ**

**സൺഡേ സ്കൂൾ രചനാ മത്സരങ്ങൾ**

I ലൂർദ്ദ് മാതാ ഫൊറോന സൺഡേസ്കൂൾ, വടക്കഞ്ചേരി

**സൺഡേസ്കൂൾ സ്കോളർഷിപ്പ് പരീക്ഷ**

I സെന്റ് ആന്റണീസ് ഫൊറോന സൺഡേസ്കൂൾ, പൊന്നംകോട്

**ഫാ. ജോമിസ് കൊടകശ്ശേരിൽ**

ഡയറക്ടർ, വിശ്വാസപരിശീലനവേദി

Diocese of Palakkad

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2012**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ

രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2012.

**ലോഗോസ് ക്വിസ് 2012 ന്റെ സവിശേഷതകൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A. വിഭാഗം-01-01-2000 ന് ശേഷം ജനിച്ചവർ
B. വിഭാഗം-01-01-1995 നും 31.12.1999 നും ഇടക്ക് ജനിച്ചവർ
C. വിഭാഗം-01-01-1980 നും 31.12.1994 നും ഇടക്ക് ജനിച്ചവർ
D. വിഭാഗം-01-01-1960 നും 31.12.1979 നും ഇടയ്ക്ക് ജനിച്ചവർ.
E. വിഭാഗം-01-01-1948 നും 31-12-1960 നും ഇടയ്ക്ക് ജനിച്ചവർ.
F. വിഭാഗം-31-12-1947 ന് മുമ്പ് ജനിച്ചവർ.

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഓൺ ലൈനിലായിരിക്കും. ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാൻ www.catechismpalghat.org എന്ന രൂപതാമതബോധന വെബ്സൈറ്റിലെ ലോഗോസ് ക്വിസ് പോർട്ടൽ കാണുക. അല്ലെങ്കിൽ www.logosquiz.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ജൂലായ് 31ന് മുമ്പ് ഓൺലൈൻ രജസ്ട്രേഷൻ ചെയ്തതിന്റെ പ്രിന്റഡ് ഫോമും രജിസ്ട്രേഷൻ ഫീസും രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷാ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2012 ജൂൺ 1 നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2012 ജൂലായ് 31 നും ആയിരിക്കും.

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ.**

1. പുറപ്പാട് 25-40
2. വി. മർക്കോസ് 1-16
3. പത്രോസ് എഴുതിയ രണ്ടാം ലേഖനം.

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2012 സെപ്റ്റംബർ 30-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30വരെയായിരിക്കും.

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനന സർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ നവംബർ 1 ന് മുൻപായി പി.ഒ.സിയിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x5=15) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2012 നവംബർ 25 ന് രാവിലെ 10.00 മുതൽ ആയിരിക്കും.





**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു. ഈ വർഷം ലോഗോസ് പ്രതിഭക്ക് വിശുദ്ധനാട് തീർത്ഥാടനവും ഉണ്ടായിരിക്കുന്നതാണ്.

**അഖിലകേരളതലത്തിൽ**

(ഒരോ വിഭാഗത്തിനും പ്രത്യേകം)
1-ാം സമ്മാനം 3000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.
2-ാം സമ്മാനം 2000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 1000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും.
4-ാം സമ്മാനം 500 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും
(ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)
5-ാം സമ്മാനം 100 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുന്ന ബാക്കി എല്ലാവർക്കും (450-50=400) ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ**

(ഒരോ വിഭാഗത്തിനും പ്രത്യേകം)
1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 7 പേർക്ക് വീതം.
5-ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം

80 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സെപ്റ്റംബർ 25-ാം തീയതി നടത്തുന്ന രൂപതാതലപരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ ഇടവകയ്ക്ക് നൽകുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സൺഡേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത

ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേസ്കൂളുകൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഇടവകതലത്തിൽ**

ഒരോ പ്രായ വിഭാഗമനുസരിച്ച് '25 -ന്റെ ഓരോ ഗുണിതത്തിനും (50,75,100,125....) ഒരു സമ്മാനം' എന്ന അനുപാതത്തിൽ എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.

* 50-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 2 പേർക്ക്സമ്മാനങ്ങൾ

* 125- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 5 പേർക്ക് സമ്മാനങ്ങൾ

* 1000- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 40 പേർക്ക് സമ്മാനങ്ങൾ

* 2000-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 80 പേർക്ക് സമ്മാനങ്ങൾ

* 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B,C,D,E,F പ്രായവിഭാഗത്തിലുള്ളവർക്കും കെ.സി.ബി,സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടാതെ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന രൂപതകൾക്കും ഇടവകകൾക്കും പ്രത്യേക ക്യാഷ് അവാർഡും ഷീൽഡും നൽകുന്നതായിരിക്കും. അഖിലകേരളതലത്തിലുള്ള സമ്മാനങ്ങൾ നവംബർ 25-ന് അഖിലകേരള മത്സരപരീക്ഷയുടെ സമാപനത്തിൽ ഉച്ചകഴിഞ്ഞ് 5 മണിക്ക് വിതരണം ചെയ്യുന്നതായിരിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

## ABA അൾത്താരസംഘം

**രജിസ്ട്രേഷൻ**

അൾത്താര സംഘത്തിന്റെ രൂപതാതല പരിപാടികൾ ജൂൺ 1-ാം തിയ്യതി മുതലാണ് ആരംഭിക്കുന്നത്. അൾത്താര സംഘത്തിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ? യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ





യൂണിറ്റ് സ്ഥാപിക്കാൻ ബഹു. വികാരിയച്ചൻമ്മാർ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷനുള്ള അവസാന തിയ്യതി ജൂൺ 30ന് ആയിരിക്കുക.

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റിംഗ്**

അൾത്താരസംഘം ആനിമേറ്റേഴ്സിന്റെയും ലീഡേഴ്സിന്റെയും മീറ്റിംഗ് ജൂൺ 16 -ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30am to 4.00pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ചു നടക്കുന്നു. എല്ലാവരും സംബന്ധിക്കണം

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ജൂൺ 23 | ശനി | 9.30 am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂൺ 30 | ശനി | 9.30am to4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 07 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 04 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 11 | ശനി | 9.30 am to 4.00 pm | മംഗലംഡാംഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 20 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |
| ആഗസ്റ്റ് 25 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം.01 | ശനി | 9.30 am to4.pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.22 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം. 29 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| നവം. 13 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ അൾത്താരസംഘം



# തിരുബാലസഖ്യം

**പ്രവർത്തനവർഷാരംഭം**

തിരുബാലസഖ്യത്തിന്റെ പ്രവർത്തനങ്ങൾ ജൂൺ 1-ാം തിയ്യതിമുതൽ ആരംഭിക്കുന്നു. തിരുബാലസഖ്യത്തിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുവാനും അതോടൊപ്പം ഇടവകയിൽ ഉള്ള തിരുബാലസഖ്യം അംഗങ്ങളുടെ മുഴുവൻ ലിസ്റ്റും ക്ലാസ് അടിസ്ഥാനത്തിൽ(1,2,3,4) നല്കുവാനും ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. രജിസ്ട്രേഷൻ ഫോമിന്റെ കൂടെ ഒരുകുട്ടിക്ക് വാർഷിക രജി. ഫീസായി 5 രൂപ വീതവും ഏല്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് ജൂൺ 30-ാം തിയ്യതിക്കുള്ളിൽ രൂപതാകേന്ദ്രത്തിൽ ഏല്പിക്കുക.

**അധ്യയന വർഷം 2012-13**

പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന എല്ലാ കുട്ടികൾക്കും എല്ലാവിധ ആശംസകളും നേരുന്നു. സ്ക്കൂളിൽ പോകുന്നതിനുമുമ്പ് പ്രാർത്ഥിച്ച് പോകാനും, ഉണ്ണീശോയോട് പ്രാർത്ഥിച്ച് പഠിക്കാനും ശ്രദ്ധിക്കണേ.

കുഞ്ഞുങ്ങൾക്ക് ചൊല്ലുവാനായി ഒരു സുകൃതജപം താഴെ ചേർക്കുന്നു. ആനിമേറ്റേഴ്സും ഇത് കുഞ്ഞുങ്ങളെ പഠിപ്പിക്കുമല്ലോ.

**സുകൃതജപം:** ഉണ്ണീശോയെ, എന്റെ ബുദ്ധിയെയും മനസ്സിനേയും വിശുദ്ധീകരിക്കണമേ.

**ആനിമേറ്റേഴ്സ്& ലീഡേഴ്സ് മീറ്റ്**

തിരുബാലസംഖ്യം ആനിമേറ്റേഴ്സിന്റെയും ലീഡേഴ്സിന്റെയും മീറ്റിംഗ് ജൂൺ 16-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെടുന്നു. എല്ലാ ഇടവകകളിലെയും ആനിമേറ്റേഴ്സും ലീഡേഴ്സും (5 പേർ) മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. എല്ലാവർക്കും ഭക്ഷണം ഇവിടെനിന്നും ലഭിക്കുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ ഈ വർഷത്തെ പ്രവർത്തനങ്ങൾ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുകയും തുടർന്ന് ഈ വർഷത്തെ കർമ്മപരിപാടികൾ നാം ക്രമീകരിക്കുകയും ചെയ്യുന്നതാണ്. കഴിഞ്ഞ ഒരു വർഷക്കാലം ദൈവം നല്കിയ എല്ലാ അനുഗ്രഹങ്ങൾക്കും നമുക്കൊരുമിച്ച് നന്ദി പറയാം.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം





# സി. എൽ. സി

**സി.എൽ.സി. യൂണിറ്റ് തല ഇലക്ഷൻ 2012**

2012-2013 വർഷത്തേക്കുള്ള സി .എൽ.സി. ഇടവകതല ഇലക്ഷൻ അതാത് യൂണിറ്റുകളിൽ നടത്തണമെന്ന് ഓർമപ്പെടുത്തുന്നു. യൂണിറ്റുകളിൽ ഇലക്ഷൻ നടത്തി ജൂൺ 23 ശനിയാഴ്ചക്കു മുൻപായി രജിസ്ട്രേഷൻ ഫോം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**യൂണിറ്റ് ഇലക്ഷൻ നടക്കുന്ന സ്ഥാനങ്ങൾ**

1. പ്രസിഡന്റ്, 2. വൈസ് പ്രസിഡന്റ്, 3. ജനറൽ സെക്രട്ടറി, 4. ജോയിന്റ് സെക്രട്ടറി, 5. ട്രഷറർ, 6. നാല് എക്സിക്യൂട്ടീവ് അംഗങ്ങൾ (രണ്ട് വനിതകളും രണ്ടു പുരുഷന്മാരും)

NB: 2012-2013 വർഷത്തേക്കുള്ള യൂണിറ്റ് രജിസ്ട്രേഷൻ ഫീസ് 150 രൂപയാണ്

**സി.എൽ.സി. രൂപത ഇലക്ഷൻ 2012**

2012 -2014 വർഷത്തേക്കുള്ള രൂപത സി.എൽ.സി. ഇലക്ഷൻ 2012 ജൂൺ 23 ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. സമയം രാവിലെ 10 മണി. ഇടവകയിൽ 2012-2013 വർഷത്തേക്ക് തിരഞ്ഞെടുത്ത ഭാരവാഹികളോ, ഇടവകയിൽ നിന്ന് സമ്മതപത്രത്തിൽ പറയുന്ന പ്രതിനിധികളോ ആയിരിക്കണം ഇലക്ഷനിൽ പങ്കെടുക്കേണ്ടത്. നിലവിലെ രൂപതാ എക്സിക്യൂട്ടീവിനും ഇലക്ഷനിൽ പങ്കെടുക്കാം.റവ. ഫാ. മാർട്ടിൻ കളമ്പാടന്റെ അദ്ധ്യക്ഷതയിലായിരിക്കും ഇലക്ഷൻ നടക്കുക ഇലക്ഷന്റെ നിർദ്ദേശങ്ങൾ

1. ഇലക്ഷനിൽ പങ്കെടുക്കുന്ന വ്യക്തി മത്സരിക്കുന്ന പോസ്റ്റിൽ ഇടവകയിൽ ഒരു വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം.
2. ഒരു ഇടവകയിൽ നിന്നും 5 പേരടങ്ങുന്ന പാനലായിരിക്കണം ഇലക്ഷനിൽ പങ്കെടുക്കേണ്ടത് 5 ൽ ഒരാളെങ്കിലും വനിത ആയിരിക്കണം.
3. ഒരു യൂണിറ്റിന് ഒരു വോട്ട് ആയിരിക്കും
4. മത്സരാർത്ഥികൾ ബഹു. ഇടവക ഡയറക്ടറുടെ സമ്മതപത്രം കൊണ്ടുവരണം
5. 2012-2014 വർഷത്തേയ്ക്കായിരിക്കും പുതിയ ഭരണ സമിതിയുടെ കാലാവധി.

**രൂപത ഇലക്ഷൻ നടക്കുന്ന സ്ഥാനങ്ങൾ**

1. പ്രസിഡന്റ്, 2. വൈസ് പ്രസിഡന്റ്, 3. ജനറൽ സെക്രട്ടറി, 4. ജോയിന്റ് സെക്രട്ടറി, 5. ട്രഷറർ, 6. ഓർഗസൈനർ (5 പേർ) ഓരോ മേഖലയ്ക്കും ഓരോ ഓർഗനൈസർ (പാലക്കാട്, മേലാർക്കോട്, മംഗലംഡാം, പൊന്നംകോട്)
7. എക്സിക്യൂട്ടീവ് മെമ്പേഴ്സ് (4 പേർ) (2 വനിതകളും 2 പുരുഷന്മാരും)

**സി.എൽ.സി. കർമ്മപദ്ധതി പ്രകാശനവും ഏകദിനസെമിനാറും**

സി.എൽ.സി. 2012-2013 വർഷത്തേക്കുള്ള കർമ്മപദ്ധതി പ്രകാശനം ജൂലൈ 14 ശനിയാഴ്ച രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. തുടർന്ന് ഏക ദിന സെമിനാറും ഉണ്ടായിരിക്കും. എല്ലാ യൂണിറ്റുകളിലേയും ആനിമേറ്റർമാരും 5 ഭാരവാഹികളും നിർബന്ധമായി മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. സമയം രാവിലെ 9.30 സെമിനാർ രജിസ്ട്രേഷൻ ഫീസ്-100 രൂപ

**ഫാ. മാർട്ടിൻ കളമ്പാടൻ**
ഡയറക്ടർ, സി.എൽ.സി.

## കെ. സി. വൈ. എം

**മാനിഷാദാ:**

കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് വർദ്ധിച്ചു മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗത്തെക്കുറിച്ച് യുവജനങ്ങളെയും സമൂഹത്തെയും ബോധവാന്മാരാക്കുന്നതിനുവേണ്ടി ഒരു സെമിനാർ സംഘടിപ്പിക്കുന്നു. ഈ സെമിനാറിൽ അഭിവന്ദ്യ പിതാവും സാംസ്ക്കാരിക നായകരും പങ്കെടുക്കുന്നു. നമ്മുടെ യൂണിറ്റുകളിലെ എല്ലാ യുവജനങ്ങളും പ്രസ്തുത പരിപാടിയിൽ സംബന്ധിക്കാൻ ശ്രദ്ധിക്കുമല്ലോ.

**സംസ്ഥാന ക്യാമ്പ്**

ജൂൺ 8,9,10 തിയതികളിൽ നടത്താനിരുന്ന സംസ്ഥാന ക്യാമ്പും ആനിമേറ്റേഴ്സ് സെമിനാറും മറ്റൊരു ദിവസത്തേക്ക് മാറ്റി വച്ചിരിക്കുന്നു. തിയതി പിന്നീട് അറിയിക്കുന്നതാണ്.

**YEAST Youth Empowerment And Spiritual Training Program**

മെയ് 25,26 തിയതികളിൽ YEASTയുവക്ഷേത്രയിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടു. ഫാ. അരുൺ കലമറ്റത്തിൽ, ഫാ. ജോമോൻ പുത്തൻകളത്തിൽ എന്നിവർ ക്ലാസ്സുകൾ എടുത്തു Exodus the Revolution ടീമിന്റെ സംഗീതപരിപാടി ഗംഭീരമായിരുന്നു. പങ്കെടുത്ത ഏവർക്കും പരിപാടി ഹൃദ്യവും ഉപകാരപ്രദവുമായി അനുഭവപ്പെട്ടു. ജൂൺ 29,30 തിയതികളിൽ രണ്ടാമത്തെ സെഷൻ ക്ലാസ്സ് യുവക്ഷേത്രയിൽ വൈകുന്നേരം 6 മണിക്ക് ആരംഭിക്കുന്നു. ഇനിയും ആർക്കെങ്കിലും ചേരാൻ താത്പര്യമുണ്ടെങ്കിൽ ചേരാവുന്നതാണ്.

**യുവജനദിനം**

ജൂലൈ 8 ഞായർ-എല്ലാ യൂണിറ്റുകളിലും യുവജനദിനം സമുചിതമായി ആചരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.





**നന്ദി**

കഴിഞ്ഞ ഒരു വർഷത്തോളം കെ.സി.വൈ.എം-ന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി സഹകരിച്ച് പ്രവർത്തിച്ച റീജന്റ് ബ്ര. ജെറിൻ വാഴപ്പിള്ളിയ്ക്ക് സംഘടനയുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു. തുടർന്നുള്ള വൈദിക പരിശീലനത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. പുതിയ പ്രവർത്തനവർഷത്തിൽ കെ.സി.വൈ.എം നോടൊത്ത് പ്രവർത്തിക്കുവാൻ നിയമിതനായ ബ്ര. ക്രിസ് കോയിക്കാട്ടിലിന് സ്നേഹോഷ്മളമായ സ്വാഗതം.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.

## മാതൃസംഘം

- വിശ്വാസ തീക്ഷ്ണയുള്ള മക്കൾ അമ്മയുടെ കരവിരുതിന്റെ ഫലം
- വിശ്വാസ വർഷത്തിൽ വിശ്വാസ പ്രഘോഷകരായ അമ്മമാർ
- അനുരഞ്ജനം വിശ്വാസിക്ക് ക്ഷിപ്രസാദ്ധ്യം

ജൂൺ 9 - മാതൃസംഘം ഫൊറോന ഭരണസമിതി മീറ്റിംഗ്
ജൂൺ 23 - ഏകസ്ഥരുടെ രൂപതാതല മീറ്റിംഗ്, പാസ്റ്ററൽ സെന്റർ
ഫൊറോന സെമിനാർ - പൊന്നംകോട്, ഒറ്റപ്പാലം ഫൊറോനകൾ
കുമ്പസാരം- ആന്തരിക-മാനസിക സൗഖ്യം
(കുമ്പസാരവും മാനസികാരോഗ്യവും)

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

## ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**2012 ജൂൺ : 4, 5, 6, 7, 2012 ജൂലൈ : 2, 3, 4, 5** തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്.



# പിതൃസംഘം

ഇന്നു നമ്മുടെ കുടുംബങ്ങൾ ഒത്തിരിയേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. കുടുംബത്തെ കുടുംബമാക്കിമാറ്റുന്നതിൽ ഒരു പിതാവിനും, മാതാവിനും തുല്യപങ്കാളിത്തമാണ് അമ്മമാരുടെ ബോധവൽക്കരണത്തിനും പഠനത്തിനുമായി നമ്മുടെ രൂപതയിൽ മാതൃസംഘം സജീവമായി പ്രവർത്തിക്കുന്നു. എന്നാൽ പിതാക്കന്മാരുടെ കടമകളെ പറ്റി ചിന്തിപ്പിക്കാനും അങ്ങനെ കുടുംബജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്താനും നമുക്കൊരു സംഘടനയില്ല അതിന് നല്ലൊരു വേദിയാണ് പിതൃസംഘം. ഈ സംഘടനവഴി ഇടവകയിലെ പിതാക്കന്മാരെ ബോധവൽക്കരിക്കാൻ കഴിയും.അതുകൊണ്ട് നമ്മുടെ ഇടവകയിൽ പിതൃസംഘം രൂപീകരിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, പിതൃസംഘം



# കുടുംബകൂട്ടായ്മ

**അനുഗ്രഹിത കുടുംബാംഗങ്ങളെ ആദരിച്ചു**

ആധുനിക കാലഘട്ടത്തിൽ കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം നല്കിയ മുന്നൂറോളം അനുഗ്രഹീത കുടുംബങ്ങളെ കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ അഭിവന്ദ്യ പിതാക്കന്മാർ മെയ് 25-ാം തിയതി വെള്ളിയാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് ആദരിച്ചു. വളരെ കാര്യക്ഷമമായ രീതിയിൽ ഇതിനുവേണ്ടി സഹകരിച്ച വികാരിയച്ചന്മാരോടും, രൂപത കുടുംബകൂട്ടായ്മ ഭാരവാഹികളോടും ഫൊറോന ഭാരവാഹികളോടും യൂണിറ്റ് പ്രതിനിധികളോടും ഒത്തിരി നന്ദി അറിയിക്കുന്നു. എഴുന്നൂറോളം വ്യക്തികൾ പങ്കെടുത്ത പ്രസ്തുത സംഗമത്തിന് തുടക്കം കുറിച്ചുകൊണ്ട് അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത് കത്തീഡ്രലിൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ട ആദരിക്കൽ സമ്മേളനം അഭിവന്ദ്യ ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. ഫാമിലി കമ്മീഷൻ ചെയർമാൻ മാർ. മാത്യു ആനിക്കുഴിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ രൂപതാ ഫാമിലി അപ്പസ്റ്റോലേറ്റ് ഡയറക്ടർ റവ. ഡോ. ജോർജ്ജ് തുരുത്തിപള്ളിയെ KCBC Family Commission പൊന്നാട അണിയിച്ചും അംഗീകാര പത്രവും ഉപഹാരവും





നല്കി അഭിനന്ദിച്ചു. നമ്മുടെ രൂപതയുടെ എല്ലാ ഇടവകകളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്ത ഈ സംഗമത്തിന്റെ സന്ദേശം "വലിയ കുടുംബം അനുഗ്രഹീതകുടുംബം" എന്ന വിഷയം രൂപതയിൽ ഉടനീളം ചർച്ച ചെയ്യപ്പെടട്ടെയെന്ന് ആശംസിക്കുന്നു.

**താവളം ഫൊറോന സംഗമം**

താവളം ഫൊറോനയിലെ 50 യൂണിറ്റുകളിൽ നിന്നായി 182 കുടുംബസമ്മേളന ഭാരവാഹികൾ താവളം തൂക്കുംപാളയം സ്കൂളിൽ മെയ് 19 ഒരുമിച്ചുകൂടി. രൂപത കുടുംബസമ്മേളന പ്രസിഡന്റ് ശ്രീ. ലോറൻസ് കെ.പി ഉദ്ഘാടനം ചെയ്ത സംഗമത്തിൽ ശ്രീ. ദേവസ്യകുട്ടിസാർ (ഇരിഞ്ഞാലക്കുട) ക്ലാസുകളെടുത്തു. ഉച്ചഭക്ഷണത്തിനുശേഷം ഗ്രൂപ്പു ചർച്ച നടത്തി. 2.30 നടന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യപിതാവ് കുടുംബസമ്മേളനങ്ങളുടെ പ്രസക്തിയെപറ്റി ക്ലാസ്സെടുത്തു. ഇതിനുവേണ്ട സഹകരണങ്ങൾ ചെയ്ത ഫൊറോന വികാരി ഗിൽബർട്ട് എട്ടൊന്നിലച്ചനും ഫൊറോനയിലെ എല്ലാ വികാരിമാർക്കും നന്ദി. ഉപരിയായി ഭക്ഷണം ഞങ്ങൾക്ക് ഒരുക്കിതന്ന സെഹിയോൻ ധ്യാനകേന്ദ്രത്തിനും കടപ്പാട് അറിയിക്കുന്നു.

**തത്തമംഗലം -മേലാർക്കോട് ഫൊറോന സംഗമം**

ജൂൺ 9-ാം തിയതി ശനിയാഴ്ച 9.30 മുതൽ 4 മണിവരെ കൊല്ലംങ്കോട് പാരിഷ്ഹാളിൽ വച്ച് തത്തമംഗലം- മേലാർക്കോട് ഫൊറോനകളിലെ 40 കുടുംബസമ്മേളനയൂണിറ്റുകളിൽ നിന്നുമായി ഇരുന്നൂറോളം ഭാരവാഹികൾ ഒരുമിച്ചുകൂടുന്നു. അഭിവന്ദ്യപിതാവ് ഈ സംഗമത്തിൽ സമ്മേളിച്ച് സന്ദേശം നൽകുന്നതാണ്. ഇടവകയിലെ എല്ലാ ഭാരവാഹികളെയും സംബന്ധിപ്പിക്കാൻ വികാരിമാർ ആവശ്യപ്പെടുമല്ലോ. ഒരു യൂണിറ്റിൽ നിന്നും 5 ഭാരവാഹികൾ വീതം പങ്കെടുക്കണം (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ)

## Prolife Movement

ജീവസമൃദ്ധിക്കുവേണ്ടി രൂപതയിൽ ഉടനീളം ക്ലാസെടുക്കാൻ ഒരു ടീം രൂപീകരിക്കാൻ ആഗ്രഹിക്കുന്നു. KCBC Prolife Movement തന്നെ ഇവരെ പരിശീലിപ്പിക്കും. ബഹു. വികാരിയച്ചന്മാർ അവരുടെ ഇടവകയിൽ അനുയോജ്യരായ വ്യക്തികളുണ്ടെങ്കിൽ രൂപതാ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബക്കൂട്ടായ്മ



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ജൂൺ | 3-8 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജൂൺ | 10-15 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂൺ | 17-22 | സിസ്റ്റേഴ്സിന്റെ ധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂൺ | 24-29 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 04924 - 327710

**സെഹിയോൻ കൺവെൻഷൻസ്**

ജൂൺ 17 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# പി. എസ്. എസ്. പി.

**ബ്ലോക്ക് ഹെഡ് മീറ്റിംഗ്**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 08.06.2012 | വെള്ളി | കുഴൽമന്ദം | കളപെട്ടി | 2pm |
| 11.06.2012 | തിങ്കൾ | പാലക്കാട് & മലമ്പുഴ | പാസ്റ്ററൽസെന്റർ | 10am |
| 13.06.2012 | ബുധൻ | മണ്ണാർക്കാട് | കൈതച്ചിറ | 11am |
| 14.06.2012 | വ്യാഴം | ശ്രീകൃഷ്ണപുരം | ആലങ്ങാട് | 11am |
| 18.06.2012 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 11am |
| 20.06.2012 | ബുധൻ | നെന്മാറ | നെന്മാറ | 11am |
| 27.06.2012 | ബുധൻ | ആലത്തൂർ | ആമക്കുളം FCC | 11am |





**നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണ വിപണന പരിശീലനം**

നിത്യോപയോഗ സാധനങ്ങളായ സോപ്പ്, സോപ്പുല്പ്പന്നങ്ങൾ ഫിനോയിൽ, ഹാർപ്പിക്, ചന്ദനത്തിരി, തുള്ളിനീലം, പെയിൻ ബാം തുടങ്ങി 12 തരം ഉല്പന്നങ്ങളുടെ നിർമ്മാണം പരിശീലിപ്പിക്കുന്നു. ജൂൺ 28, 29 തിയ്യതികളിൽ പാലപ്പുറത്തുവച്ച് പരിശീലനം നൽകുന്നതാണ്. ഫീസ് 300 രൂപ. താല്പര്യമുള്ളവർ PSSP ഓഫീസിൽ ബന്ധപ്പെടുക.

**LIC Micro Insurance**

സാധാരണക്കാർക്ക് ദീർഘ വീക്ഷണത്തോടെ ഒരു സമ്പാദ്യം മുന്നിൽ കണ്ടുകൊണ്ട് കുറഞ്ഞ പ്രീമിയത്തിൽ ഒരു നിക്ഷേപ പദ്ധതി (ജീവൻ മധുർ) LIC മൈക്രോ ഇൻഷൂറൻസുമായി ചേർന്ന് പി.എസ്.എസ്.പി. നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ചേരാനാഗ്രഹിക്കുന്നവരും ഏജന്റായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരും പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ചക്ക@365**

'ചക്ക ഒരു നേരത്തെ പ്രധാന ഭക്ഷണമാക്കുക' എന്ന ലക്ഷ്യത്തോടെ ചക്കകൊണ്ടുള്ള വിവിധതരം ഭക്ഷണ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു ദിവസത്തെ പരിശീലനം പി.എസ്.എസ്.പി. നല്കുന്നു.പരിശീലനം ആവശ്യ

മുള്ള ഗ്രൂപ്പുകൾ പി.എസ്.എസ്.പി. യുമായി ബന്ധപ്പെടുക. അതാതു സ്ഥലത്ത് വന്ന് ക്ലാസ്സുകൾ നല്കുന്നതാണ്.

**ജ്വല്ലറി മേക്കിംഗ്**

വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും വരുമാനം വർദ്ധിപ്പിക്കുന്ന രീതിയിൽ ഫേഷൻ ആഭരണങ്ങൾ ഉണ്ടാക്കുന്നതിനുള്ള 3 ദിവസത്തെ പരിശീലനം പി. എസ്.എസ്.പി. നല്കുന്നു. പരിശീലന ഫീസ് 1200 രൂപയാണ്. വിദഗ്ധർ വന്ന് ക്ലാസ്സ് കൈകാര്യം ചെയ്ത് കൊടുക്കുന്നു. യൂണിറ്റ് തുടങ്ങുന്നതിനും വിപണനത്തിനും വേണ്ടുന്ന സഹായങ്ങൾ പി.എസ്.എസ്.പി. നല്കുന്നു.

**ലോൺ തിരിച്ചടവ്- റീജിണൽ ഓഫീസ്**

| **തിയ്യതി** | **സ്ഥലം** | **സമയം** | **ദിവസം** |
|---|---|---|---|
| 19.06.2012 | സാൻജോ ടവർ | | |
| | മലമ്പുഴ PKD Block | 11.00 am 3.00pm | ചൊവ്വ |
| 18.06.2012 | ഗൂളിക്കടവ്, അട്ടപ്പാടി | 11.00 am 2.00pm | തിങ്കൾ |
| 20.06.2012 | പാരിഷ്ഹാൾ, നെന്മാറ | 11.00 am 2.00pm | ബുധൻ |
| 21.06.2012 | കരിമ്പ പാരിഷ്ഹാൾ | | |
| | (മണ്ണാർക്കാട്ബ്ലോക്ക്) | 11.00 am 2.00pm | വ്യാഴം |
| 27.06.2012 | ആമക്കുളം | | |
| | FCC വടക്കഞ്ചേരി | 11.00 am 2.00pm | ബുധൻ |

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ നടപ്പിലാക്കിയ സങ്കേതിക തൊഴിൽ പരിശീലന ബാച്ചുകളുടെ വിവരങ്ങൾ.

| **നമ്പർ** | **കോഴ്സുകൾ** | **സ്ഥലം** |
|---|---|---|
| 1 | കട്ടിംഗ് & ടെയ്ലറിംഗ് | കാരറ |
| 2 | കട്ടിംഗ് & ടെയ്ലറിംഗ് | കള്ളമല |
| 3 | കട്ടിംഗ് & ടെയ്ലറിംഗ് | R.V. പുതൂർ |
| 4 | കട്ടിംഗ് & ടെയ്ലറിംഗ് | എരുത്തിയാംപതി |
| 5 | കട്ടിംഗ് & ടെയ്ലറിംഗ് | ചുണ്ടകുളം |
| 6 | കട്ടിംഗ് & ടെയ്ലറിംഗ് | പരുവശ്ശേരി |
| 7 | കട്ടിംഗ് & ടെയ്ലറിംഗ് | കോട്ടത്തറ |
| 8 | കട്ടിംഗ് & ടെയ്ലറിംഗ് | അഗളി രാജീവ് കോളനി |
| 9 | ഫാബ്രിക് പെയ്ന്റിംഗ് | പരുവശ്ശേരി |
| 10 | ഫാബ്രിക് പെയ്ന്റിംഗ് | തിരുവിഴാംകുന്ന് |
| 11 | ഡ്രസ്സ് മേക്കിംഗ് | തിരുവിഴാംകുന്ന് |
| 12 | ഹാന്റ് എംബ്രോയിഡറി | എരുത്തിയാംപതി |
| 13 | ഫാബ്രിക് പെയ്ന്റിംഗ് | പനയൂർ |





**സർട്ടിഫിക്കറ്റ് വിതരണം ചെയ്തു**

ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് 2011-2012 വർഷത്തിൽ നടപ്പിലാക്കിയ ആദ്യഘട്ട കോഴ്സുകളിൽ വിജയകരമായി പഠനം പൂർത്തീകരിച്ച 500 പരിശീലനാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകൾ മെയ് 12 ന് മില്ല്യേനിയം ഹാൾ, ഗൂളിക്കടവ്, അട്ടപ്പാടിയിൽ വെച്ച് ജില്ലയിലെ പ്രമുഖ വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ വിതരണം ചെയ്തു

പാലക്കാട് രൂപതാ അദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ബഹുമാനപ്പെട്ട പാലക്കാട് ജില്ലാ പ്രസിഡന്റ് ശ്രീ.ടി.എൻ. കണ്ടമുത്തൻ സർട്ടിഫിക്കറ്റ് വിതരണവും 2012-2013 സാമ്പത്തിക വർഷത്തെ കോഴ്സുകളുടെ ഉദ്ഘാടനവും ചെയ്തു.

തദവസരത്തിൽ ബ്ലോക്ക് പ്രസിഡന്റ് ശ്രീ. എം.ആർ. സത്യൻ, ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീമതി. ഈശ്വരി രേശൻ, അഗളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഇ.ജെ. ആന്റണി, ഷോളയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മരുതൻ, പുതൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മരുതി സുരേഷ്, റവ. ഫാ. റോയ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ജെ എസ് എസ് ഡയറക്ടർ ശ്രീ. കെ.ഡി. ജോസഫ് ആമുഖ പ്രസംഗവും റിപ്പോർട്ടും അവതരിപ്പിച്ചു. ജെ.എസ്.എസ് ചെയർമാൻ ഫാ. ജേക്കബ് മാവുങ്കൽ സ്വാഗതവും റീജിണൽ കോർഡിനേറ്റർ ശ്രീ. മോഡി സേവ്യർ കൃതജ്ഞയും രേഖപ്പെടുത്തി.

**ബോർഡ് ഓഫ് മാനേജ്മെന്റ് മീറ്റിംഗ്**

ജെ എസ് എസ് പാലക്കാടിന്റെ ബോർഡ് ഓഫ് മാനേജ്മെന്റ് മീറ്റിംഗ് 2012 മെയ് 19 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.30 ന് പാലക്കാട് ജെ.എസ്.എസ്. ഓഫീസിൽ വെച്ച് ജെ എസ് എസ് ചെയർമാൻ ഫാ.ജേക്കബ് മാവുങ്കലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ജെ.എസ്.എസ് ഡയറക്ടർ ശ്രീ. കെ.ഡി.ജോസഫ് റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. ആലസൻകുട്ടി, (ഡയറക്ടർ, KSLMA, തിരുവനന്തപുരം), ജെ എസ്.എസ്. ബോർഡ് മെമ്പർമാരായ ഫാ.ചെറിയാൻ അഞ്ഞിലിമൂട്ടിൽ, മോൺ. ജോസഫ് ചിറ്റിലപ്പിള്ളി, റവ. സി. ഡോ. ത്രേസ്യ. പി.എ, ശ്രീ.വി.എസ്. സാക്കീർ ഹുസൈൻ (സെക്രട്ടറി, ജില്ലാ പഞ്ചായത്ത്), ശ്രീ. റഷീദ് കണിചേരി (മെമ്പർ, ജില്ലാ സാക്ഷരതാസമിതി), ശ്രീ.മനോജ് സെബാസ്റ്റ്യൻ തുടങ്ങിയവർ സംബന്ധിച്ചു.

# കെ.എൽ.എം. പാലക്കാട്

അസംഘടിത തൊഴിലാളികളുടെയും, ചെറുകിട നാമമാത്ര കർഷകരുടെയും സമഗ്ര വികസനം ലക്ഷ്യമാക്കികൊണ്ട് പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ (കെ.എൽ.എം) പ്രവർത്തനങ്ങൾക്ക് ഇടവകാതലത്തിൽ വളരെ നല്ല സഹകരണമാണ് ലഭിച്ചുവരുന്നത്. തയ്യൽതൊഴിലാളി ക്ഷേമനിധി, നിർമ്മാണതൊഴിലാളി ക്ഷേമനിധി, ചെറുകിടതോട്ടം (റബ്ബർ) തൊഴിലാളി ക്ഷേമനിധി, ഗാർഹികതൊഴിലാളി ക്ഷേമനിധി, സുരക്ഷാപദ്ധതി (സ്വാവലംബൻ) എന്നീ വിവിധ ഗ്രൂപ്പുകളിലായി അഞ്ഞൂറോളം പേരെ കഴിഞ്ഞ വർഷം കെ.എൽ.എം. പാലക്കാട് അംഗങ്ങളായിചേർത്ത് ആനുകൂല്യങ്ങൾക്ക് അർഹരാക്കി. കെ.എൽ.എം യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത ഇടവകകളെ ഫൊറോനാ തലത്തിൽ സംഘടിപ്പിക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിലെ ഞായറാഴ്ചകളിൽ വിവിധ ഫൊറോനകളിൽ പ്രസ്തുത മീറ്റിംഗുകൾ നടത്തുന്നതാണ്. വിശദാംശങ്ങൾ ചുവടെ;

**ജൂൺമാസം**

| | |
|---|---|
| പൊന്നംകോട് | : 03.06.2012 |
| താവളം | : 10.06.2012 |
| കാഞ്ഞിരപ്പുഴ | : 17.06.2012 |
| തത്തമംഗലം | : 24.06.2012 |

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2012 ഏപ്രിൽ**

29 – വടക്കഞ്ചേരി ലൂർദ്ദ്മാതാ ഫൊറോന ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– കണ്ണമ്പ്ര ഇടവകാംഗം ബഹു. ഡെന്നീസ് കാഞ്ഞിരക്കൊമ്പിലച്ചന്റെ മാതാവിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

30 – ഒലിപ്പാറ സെന്റ് പയസ് X[th] ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– പാലക്കാട് ജെയ്ക്രിസ്റ്റോ പ്രൊവിൻസിലെ സന്യാസാർത്ഥിനികളായ ഷെറിൻ ജോർജ്ജ്, ജിഞ്ജുമോൾ വിൽസൺ, പ്രിൻസിമോൾ പി.ടി., മാഗി വിൻസെന്റ് എന്നിവരുടെ പ്രഥമ വ്രതവാഗ്ദാന ശുശ്രൂഷക്കും സഭാവസ്ത്ര സ്വീകരണത്തിനും കത്തീഡ്രലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**2012 മെയ്**

1 – ഇരുമ്പകച്ചോല സെന്റ് സെബാസ്റ്റ്യൻസ് ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

2 – കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– പാലക്കാട് വിമൽറാണി പ്രൊവിൻസിലെ സന്യാസാർത്ഥിനിയായ ജോൺസി മരിയയുടെ പ്രഥമ വ്രതവാഗ്ദാന ശുശ്രൂഷക്കും

സഭാവസ്ത്ര സ്വീകരണത്തിനും മുണ്ടൂർ വിമൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

3 - അരമനയിൽ രൂപതാ ഗവേണിംഗ് ബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- പാലക്കാട് സെറാഫിക് പ്രൊവിൻസിലെ ബഹു. സി. ക്രിസ്റ്റി ലിൻ എഫ്.സി.സി., സി. അഡലേയ്ഡ് എഫ്.സി.സി. എന്നിവരുടെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് സെറാഫിക് പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു.

4 - രൂപതാ മൈനർ സെമിനാരിയിലേക്കുള്ള പ്രവേശനാർത്ഥികളെ ഇന്റർവ്യൂ ചെയ്തു.

5 - ആലങ്ങാട് സെന്റ് മേരീസ് ചർച്ച് ഇടവകാംഗം ഡീക്കൻ സുനിൽ തോപ്പിൽതറയിലിന് കടമ്പഴിപ്പുറം സെന്റ് ജോസഫ് ദൈവാലയത്തിൽ തിരുപ്പട്ടം നൽകി.

6 - കാരറ സെന്റ് ജോസഫ് ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈഥര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

- ഷോളയൂർ സെന്റ് ആന്റണീസ് ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. സമാപന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

7 - കോടംതുരുത്ത് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

8 - അരമനയിൽ ബഹു. വൈദികരോടൊന്നിച്ച് മാസധ്യാനത്തിൽ സംബന്ധിച്ചു.

9 - മുണ്ടൂർ യുവക്ഷേത്രയിൽ പ്രീ-കാനാ കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

10 - താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ അച്ചന്മാരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.





- മണ്ണാർക്കാട് ഹോളി സ്പിരിറ്റ് ഫൊറോന ദൈവാലയത്തിൽ നടന്ന യുവജനധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

11 - ഫരീദാബാദ് നിയുക്തമെത്രാൻ മാർ കുര്യാക്കോസ് ഭരണികുളങ്ങര അരമനയിൽ പിതാവിനെ സന്ദർശിച്ചു.

12 - അഗളി ഫാത്തിമ മാതാ ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈഥര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

- ജെ.എസ്.എസ്.ന്റെ പരിശീലന കോഴ്സ് പൂർത്തിയാക്കിയവർക്കും എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്കും സർട്ടിഫിക്കറ്റുകളും അവാർഡുകളും വിതരണം ചെയ്യുന്നതിനുവേണ്ടി അഗളിയിൽ നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- അട്ടപ്പാടിയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

13 - രാജഗിരി സേക്രട്ട് ഹാർട്ട് ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈഥര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

- കുളക്കാട്ടുകുർശ്ശി സെന്റ് ജെയിംസ് ദൈവാലയം ഇടവകയായി ഉയർത്തി. അതിനോടും തിരുനാളിനോടുമനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈഥര്യലേപനവും നൽകി.

14 - കല്ലംകുന്ന് ഇടവകയിൽ മോൺ. ജോസഫ് ചിറ്റിപ്പിള്ളി അച്ചന്റെ പിതാവിന്റെ 111-ാം ചരമദിനത്തോടനുബന്ധിച്ചുള്ള തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

15 - പാലക്കാട് ജിം ഓഫ്സെറ്റ് പ്രസ്സിന്റെ എക്സ്റ്റൻഷൻ ഹാളും

പുതിയ മെഷീനുകളും വെഞ്ചരിച്ചു.

16 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

17 – പാസ്റ്ററൽ സെന്ററിൽ സ്റ്റാർസിന്റെ പ്രഥമ ബാച്ചുകാരെ അനുമോദിക്കുന്നതിനുവേണ്ടി നടത്തിയ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

18 – എറണാകുളം ഐമുറി സേക്രട്ട് ഹാർട്ട് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

– കൊച്ചി പി.ഒ.സിയിൽ ഹെൽത്ത് കമ്മീഷൻ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– പി.ഒ.സി.യിൽ കേരള കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ലീഡർഷിപ്പ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

19 – കണ്ടമംഗലം ക്രിസ്തുരാജ ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു. പുതുതായി നിർമ്മിച്ച പാരിഷ് ഹാളും കുരിശ്ശടിയും വെഞ്ചരിച്ചു.

– താവളം ഫൊറോനാതല കുടുംബകൂട്ടായ്മയിൽ സംബന്ധിച്ച് സന്ദേശം നൽകി.

20 – ആലത്തൂർ ലിറ്റിൽ ഫ്ളവർ ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– തൃശ്ശൂർ അതിരൂപതയുടെ ശതോത്തര രജത ജൂബിലിയോടനുബന്ധിച്ച് നടന്ന ദിവ്യബലിയിൽ സഹകാർമ്മികത്വം വഹിച്ചു. പൊതു സമ്മേളനത്തിൽ സംബന്ധിച്ചു.

21 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ സെമിനാരി പ്രൊഫസേഴ്സിന്റെ തുടർപരിശീലന പരിപാടിയുടെ ഭാഗമായി നടത്തപ്പെട്ട ചർച്ചയിൽ സംബന്ധിച്ചു, സന്ദേശം നൽകി.





22 – വളമംഗലം തിരുഹൃദയ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

23 – അരപ്പാറയിൽ പുതുതായി നിർമ്മിച്ച സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. വൈദിക മന്ദിരവും കുരിശ്ശടിയും വെഞ്ചരിച്ചു.

24 – അരമനയിൽ ബ്ര. ഐബിൻ കളത്താറക്ക് വൈദിക വസ്ത്രം നല്കി, വി. കുർബാനയർപ്പിച്ചു.

– നെന്മാറയിൽ ബഹു. റോയി കുളത്തിങ്കലച്ചന്റെ മാതാവിന്റെ മൃതദേഹ സംസ്ക്കാര ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

– ഹർത്താലായിരുന്നിട്ടും പാസ്റ്ററൽ സെന്ററിൽ പ്രേഷിത സംഗമത്തിൽ സംബന്ധിക്കാനെത്തിവരെ അഭിനന്ദിക്കുകയും അവർക്ക് രൂപതയുടെ ഉപഹാരം വിതരണം ചെയ്യുകയും ചെയ്തു.

25 – കെ.സി.ബി.സിയുടെ ആഭിമുഖ്യത്തിൽ പാലക്കാട് പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെട്ട "ജീവസമൃദ്ധി" റീജണൽ സംഗമത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– ഇടുക്കി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു ആനികുഴിക്കാട്ടിൽ പിതാവ് അരമനയിലെത്തി പിതാവിനെ സന്ദർശിച്ചു.

– അരമനയിൽ നടത്തപ്പെട്ട സെഹിയോൻ ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

26 – ന്യൂഡൽഹിയിൽവെച്ച് നടത്തപ്പെട്ട ഫരീദാബാദ് രൂപതാദ്ധ്യക്ഷൻ മാർ കുര്യാക്കോസ് ഭരണികുളങ്ങരയുടെ മെത്രാഭിഷേക തിരുക്കർമ്മത്തിലും രൂപതാ സ്ഥാപന സമ്മേളനത്തിലും പങ്കെടുത്തു.

27 – ഫരീദാബാദിൽവെച്ച് നടന്ന മാർ കുര്യാക്കോസ് ഭരണികുളങ്ങരയുടെ സ്ഥാനാരോഹണ കർമ്മത്തിൽ സംബന്ധിച്ചു.

28 – ധോണിയിൽ പണിതിരിക്കുന്ന മരിയൻ റിന്യൂവൽ സെന്റർ ആശീർവ്വദിച്ചു.